
www.malankaralibrary.com

# ഉള്ളംകൈയിൽ




## സപ്തതി സ്മരണിക

www.malankaralibrary.com

# പരിശുദ്ധ ബനഡിക്ട് പതിനാറാമൻ മാർപാപ്പാ




www.malankaralibrary.com



**ദൈവദാസൻ മാർ ഈവാനിയോസ്**
**പുനരൈക്യശില്പി**

www.malankaralibrary.com




മോസ്റ്റ് റവ. ബനഡിക്ട്
മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ

www.malankaralibrary.com



മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ
തിരുവനന്തപുരം മേജർ ആർച്ചുബിഷപ്പ്

www.malankaralibrary.com



മോസ്റ്റ് റവ. യൂഹാനോൻ മാർ ക്രിസോസ്റ്റം
പത്തനംതിട്ട മെത്രാപ്പോലീത്താ

www.malankaralibrary.com



സപ്തതി - 25.12.2010

പൗരോഹിത്യത്തിന്റെ 45 വർഷം - 03.12.2010

www.malankaralibrary.com

# അകത്തെ താളുകളിൽ...


1. പിതാക്കൻമാരുടെ സന്ദേശങ്ങൾ
2. കർത്താവിന്റെ ഉള്ളംകൈയിൽ
3. സപ്തതിയുടെ നിറവിൽ
4. ജനനവും കുടുംബവും
5. പ്രാഥമിക വിദ്യാഭ്യാസം
6. ദൈവവിളിയും വൈദിക പരിശീലനവും
7. പൗരോഹിത്യ ശുശ്രൂഷ
8. അതിരൂപതാ പ്രൊക്കുറേറ്റർ/മതബോധന ഡയറക്ടർ
9. വിദേശീയതദ്ദേശീയ യാത്രകൾ
10. സ്വാധീനിച്ചിട്ടുള്ള വിശുദ്ധരും വ്യക്തികളും
11. ഒരു തിരിഞ്ഞുനോട്ടം
12. പുരോഹിതനും പൗരോഹിത്യവും

www.malankaralibrary.com

# THE SYRO- MALANKARA CATHOLIC CHURCH

## MAJOR ARCHDIOCESE OF TRIVANDRUM

**MORAN MOR BASELIOS CLEEMIS**
MAJOR ARCHBISHOP-CATHOLICOSOF
THE MALANKARA CATHOLIC CHURCH &
MAJOR ARCHBISHOP OF TRIVANDRUM

THIRUSANNIDHI
MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695004
KERALA, INDIA



## അനുഗ്രഹസന്ദേശം

പെരിയ ബഹു. ഗീവർഗ്ഗീസ് പെരുമലയച്ചന്റെ പ്രിയ മാതാവ് ശ്രീമതി റാഹേൽമത്തായിയുടെ ജന്മശതാബ്ദിയും ബഹു. ഗീവർഗ്ഗീസ് അച്ചന്റെ സപ്തതിയും പൗരോഹിത്യത്തിന്റെ 45 വർഷങ്ങളുടെ പൂർത്തീകരണവും സംയുക്തമായി ആഘോഷിക്കപ്പെടുന്നുവെന്നത് എന്നെ സന്തോഷഭരിതനാക്കുന്നു. പരേതനായ ശ്രീ ചാണ്ടപ്പിള്ള മത്തായിയുടെയും റാഹേൽ മത്തായിയുടെയും നാലു മക്കളിൽ രണ്ടാമനായ ബഹു. ഗീവർഗ്ഗീസ് പെരുമലയച്ചൻ നമ്മുടെ സഭയിലെ ഒരു ശ്രേഷ്ഠ വൈദികനാണ്. സഭാശുശ്രൂഷയ്ക്കായി തന്റെ പുത്രനെ ദാനം ചെയ്ത വത്സല മാതാപിതാക്കളിൽ പ്രിയപ്പെട്ട അമ്മയുടെ - ശ്രീമതി റാഹേൽ മത്തായിയുടെ ജന്മശതാബ്ദിയും ഈ അവസരത്തിൽ വന്നുചേർന്നത് വളരെ സന്തോഷപ്രദമാണ്. നൂറു സംവത്സരങ്ങൾ ജീവിച്ചുകൊണ്ട്, പുത്രന്മാരുടെയും പൗത്രരുടെയും അഭിവൃദ്ധി കണ്ടുകൊണ്ട് കുടുംബത്തിലെ ശ്രേഷ്ഠയായ പ്രിയപ്പെട്ട അമ്മയെ എന്റെ ഹൃദയംഗമായ അഭിനന്ദനങ്ങൾ അറിയിക്കുന്നു. ദൈവം അമ്മയെ തുടർന്നും ആയുരാരോഗ്യത്തോടെ സംരക്ഷിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ, പ്രത്യേകിച്ച് തിരുവനന്തപുരം മേജർ അതിരൂപതയിലും മാർത്താണ്ഡം, മാവേലിക്കര, പത്തനംതിട്ട രൂപതകളിലെ നമ്മുടെ വിവിധ ദൈവാലയങ്ങളിലും, സ്ഥാപനങ്ങളിലും, മിഷൻ മേഖലകളിലും സ്തുത്യർഹമായ പൗരോഹിത്യ ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്ന ബഹു. പെരുമലയച്ചനെ ഈ സന്തോഷാവസരത്തിൽ ഞാൻ അഭിനന്ദിക്കുന്നു. അവിഭജിത തിരുവനന്തപുരം അതിരൂപതയുടെ പ്രൊക്യുറേറ്ററും, മതബോധന ഡയറക്ടറുമെന്ന നിലയിൽ സഭാപിതാക്കന്മാരോടൊപ്പം ചേർന്നുനിന്നുകൊണ്ട് ബഹു. അച്ചൻ ചെയ്ത ശുശ്രൂഷകളെ ഞാൻ ഈ അവസരത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു. നാൽപ്പത്തിയഞ്ചു വർഷങ്ങളായി നിർവ്വഹിച്ചുവരുന്ന പൗരോഹിത്യ ശുശ്രൂഷയിലൂടെ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അനുപമമായ വളർച്ചയുടെ എല്ലാ വേദികളിലും സജീവ സാന്നിദ്ധ്യമാകാൻ കഴിഞ്ഞത് ബഹു. പെരുമലയച്ചനെ സംബന്ധിച്ചിടത്തോളം ചാരിതാർത്ഥ്യപ്രദമാണ്. തുടർന്നും പല പതിറ്റാണ്ടുകൾ സഭാശുശ്രൂഷയിലും വിശാലമനുഷ്യസമൂഹത്തിന്റെ ഉന്നതിയിലും ഭാഗഭാക്കാകുവാൻ സർവ്വേശ്വരൻ ഇടയാക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ഈ സന്തോഷാവസരത്തിൽ ബഹു. പെരുമല അച്ചന്റെ കുടുംബാംഗങ്ങളെ എന്റെ ആശംസകൾ അറിയിക്കുന്നു.

ജന്മശതാബ്ദി - സപ്തതി ആഘോഷങ്ങളുടെ ഭാഗമായി പ്രസിദ്ധീകരിക്കുന്ന സ്മരണികയ്ക്ക് എല്ലാ വിജയവും ആശംസിക്കുന്നു.

സർവ്വശക്തനായ ദൈവം എല്ലാവരെയും ധാരാളമായി അനുഗ്രഹിക്കട്ടെ!

+Baselios Cleemis

✠ **ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെഅദ്ധ്യക്ഷൻ
തിരുവനന്തപുരം മേജർ ആർച്ചുബിഷപ്പ്

www.malankaralibrary.com

# THE SYRO- MALANKARA CATHOLIC CHURCH
## DIOCESE OF PATHANAMTHITTA

MOST REV. YOOHANON MAR CHRYSOSTOM
BISHOP OF PATHANAMTHITTA

CATHOLIC BISHOP'S HOUSE
KERALA, INDIA
Phone : 0468-2223100, 2223200
E-mail:bpdiopta@gmail.com



## അനുഗ്രഹസന്ദേശം

പ്രിയ ബഹുമാനപ്പെട്ട ഗീവർഗീസ് പെരുമലയച്ചാ,

അച്ചന്റെ മാതാവിന്റെ 100-ാം ജന്മവാർഷികവും അച്ചന്റെ 70-ാം ജന്മവാർഷികവും പൗരോഹിത്യ സ്വീകരണത്തിന്റെ 45-ാം വാർഷികവും ഒത്തുചേർന്ന് ആഘോഷിക്കുകയാണല്ലോ. ഈ സുദിനത്തിന്റെ എല്ലാ അനുഗ്രഹങ്ങളും ഞാൻ അച്ചന് നേരുന്നു.

ബഹു. അച്ചന്റെ പ്രിയപ്പെട്ട മാതാപിതാക്കളെ ഞാൻ വളരെ സ്നേഹത്തോടും നന്ദിയോടും കൂടിയാണ് ഓർക്കുന്നത്. അവരുടെ നല്ല ക്രിസ്തീയ ജീവിതവും, മാതൃകയും എന്നെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. പലപ്രാവശ്യം അവരുടെ സ്നേഹവും പരിചരണവും സ്വീകരിക്കുവാൻ എനിക്ക് ഇടവന്നിട്ടുണ്ട്. കഴിഞ്ഞ 100 വർഷം പ്രിയപ്പെട്ട അമ്മച്ചിക്ക് ദൈവം കൊടുത്ത അനുഗ്രഹങ്ങൾക്ക് ഞാനും നിങ്ങളോടു ചേർന്ന് ദൈവത്തെ സ്തുതിക്കുന്നു. നന്ദി പറയുന്നു. ശേഷിക്കുന്ന കാലം ആയുരാരോഗ്യത്തോടും, സന്തോഷത്തോടും, സമാധാനത്തോടും ദൈവത്തെ മഹത്വപ്പെടുത്തി കഴിയുവാൻ ദൈവം അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഈ തരുണത്തിൽ ബഹു. അച്ചന്റെ 70-ാം ജന്മവാർഷികവും 45-ാം പൗരോഹിത്യവാർഷികവും കൂടി ആഘോഷിക്കുകയാണല്ലോ. അച്ചന് എല്ലാ മംഗളങ്ങളും ദൈവാനുഗ്രഹങ്ങളും ലഭിക്കുവാൻ ഞാൻ പ്രാർത്ഥിക്കുന്നു. പൗരോഹിത്യ ജീവിത ആരംഭകാലയളവിൽ അച്ചനൊപ്പം ചെലവഴിച്ച അനുഗ്രഹീത കാലങ്ങളെ ഞാൻ നന്ദിയോടെ ഓർക്കുന്നു. അച്ചൻ എന്റെ ജീവിതത്തിൽ ഒരു മാതൃകയും പ്രചോദനവും ആയിരുന്നു. എന്റെ പൗരോഹിത്യ ജീവിതത്തെ ശക്തിപ്പെടുത്താൻ അച്ചൻ തന്നിട്ടുള്ള എല്ലാ പ്രോത്സാഹനങ്ങളും ഞാൻ നന്ദിയോടെ ഓർക്കുന്നു. അച്ചൻ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലും, ഇപ്പോൾ പത്തനംതിട്ട ഭദ്രാസനത്തിലും ചെയ്യുന്ന എല്ലാ ദൈവിക ശുശ്രൂഷയേയും ഞാൻ നന്ദിയോടെ അഭിനന്ദിക്കുന്നു. തുടർന്നു ധാരാളം നന്മ ചെയ്യുവാൻ ദൈവം അച്ചനെഉപയോഗിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നതോടൊപ്പം ഈ സുദിനങ്ങളുടെ എല്ലാ അനുഗ്രഹങ്ങളും ബഹു. അച്ചന് ഞാൻ നേരുന്നു. ദൈവം അച്ചനെയും പ്രിയപ്പെട്ട അമ്മച്ചിയേയും എല്ലാ കുടുംബാംഗങ്ങളേയും ധാരാളമായി അനുഗ്രഹിക്കട്ടെ...

ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

ക്രിസ്തു യേശുവിൽ,

✠ **യൂഹാനോൻ മാർ ക്രിസോസ്റ്റം**

പത്തനംതിട്ട മെത്രാപ്പോലീത്താ

www.malankaralibrary.com

## ഫാ. ഗീവറുഗീസ് പെരുമല
## കർത്താവിന്റെ ഉള്ളം കൈയിൽ

പുരോഹിതൻ സമർപ്പിതനാണ്, ക്രിസ്തുവിന് പ്രതിഷ്ഠിക്കപ്പെട്ടവനാണ്, ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവനാണ്, അയയ്ക്കപ്പെട്ടവനാണ്.

ബഹു. ഗീവറുഗീസ് പെരുമലയച്ചൻ പൂർണ്ണമായ അർത്ഥത്തിൽ മേൽപറഞ്ഞവയെല്ലാമാണ്. ദൈവാനുഗ്രഹത്തിന്റെ 70 സംവത്സരങ്ങൾ അദ്ദേഹം പിന്നിട്ടിരിക്കുന്നു. 45 വർഷം അജപാലനദൗത്യം നിർവഹിച്ചു. അദ്ദേഹത്തിന്റെ മാതാവ് ആരോഗ്യവതിയായി ശതാബ്ദിയിലേയ്ക്ക് കടന്നു വരുന്നു. 50 ഇടവകകളിൽ സേവനം അനുഷ്ഠിക്കുവാനും അതിരൂപതാ പ്രൊക്കുറേറ്റർ, മതബോധനഡയറക്ടർ എന്നീ ചുമതലകൾ നിർവഹിക്കുവാനും ദൈവം അച്ചനെ നിയോഗിച്ചു. സാമൂഹ്യസേവനരംഗത്തും പ്രവർത്തിച്ചു. കർത്തവ്യങ്ങളിൽ സമർപ്പിതനായിരുന്നു. നിയോഗങ്ങൾ പൂർത്തീകരിക്കാൻ കഴിഞ്ഞു.

ഇടതടവില്ലാതെ ചൊരിയപ്പെട്ട ദൈവാനുഗ്രഹമാണിവയ്ക്കൊക്കെ കാരണം എന്ന അചഞ്ചലമായ ബോദ്ധ്യം അച്ചനെ ഭരിക്കുന്നു. ആ ദൈവാനുഗ്രഹത്തിന് - ആ സ്നേഹത്തിന് നന്ദി പറയുമ്പോൾ അതൊരു പരസ്യ സാക്ഷ്യപ്പെടുത്തലാകണമെന്ന് അച്ചൻ ആഗ്രഹിച്ചു. ഈ ലഘുകുറിപ്പ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുവാൻ അച്ചനെ പ്രേരിപ്പിച്ചത് അതാണ്.

ഇതൊരു ആത്മകഥയോ, യാത്രാവിവരണ ഗ്രന്ഥമോ അല്ല. ഒരു സാഹിത്യ സൃഷ്ടി എന്ന ലക്ഷ്യമേ ഇതിനില്ല. ഒരു പക്ഷേ അച്ചൻ അങ്ങനെ ചിന്തിച്ചിരുന്നുവെങ്കിൽ 50 ഇടവകകളിലെ അജപാലനാനുഭവങ്ങളും അതിരുപതാ ചുമതലകളിലെ മറക്കാനാവാത്ത സംഭവങ്ങളും ലോക രാജ്യങ്ങളിലും ഇന്ത്യയിലും നടത്തിയ പര്യടനങ്ങളും ഒരു ബൃഹത്ഗ്രന്ഥ രചനയ്ക്ക് ധാരാളമാണ്. അച്ചന്റെ ലക്ഷ്യം ഒന്നുമാത്രം - നന്ദി വരമൊഴിയായി രേഖപ്പെടുത്തണം.

വൈദികാർത്ഥികൾ കുറഞ്ഞുവരുന്ന കാലഘട്ടത്തിൽ യുവതലമുറക്കിതു പ്രചോദനമാകും. യുവ വൈദികർക്ക് ദർശനമാകും. ദൈവത്തോട് പറ്റിച്ചേരാൻ ജനത്തിന് പ്രേരണയാകും. ഒരു നല്ല വൈദികനുവേണ്ടി ആഗ്രഹിക്കുവാനും പ്രാർത്ഥിക്കുവാനും നയിക്കാനും മാതാപിതാക്കൾക്ക് മാർഗ്ഗ ദീപമാകും.

പെരുമല കുടുംബത്തിന്റെ നായകൻ കൂടിയായ ഗീവറുഗീസ് പെരുമല അച്ചൻ, അജപാലകനായി ആരോഗ്യത്തോടെ ആയുഷ്മാനാകാൻ ദൈവം കരുണ ചൊരിയട്ടെ
എന്ന് പ്രാർത്ഥിക്കുന്നു.

**എസ്. എച്ച്. എം ജോസഫ്**

www.malankaralibrary.com

# സപ്തതിയുടെ നിറവിലേയ്ക്ക്

ദൈവാനുഗ്രഹത്താൽ 2009 ഡിസംബർ 25 ന് ഞാൻ എഴുപതാം വയസ്സിലേക്ക് പ്രവേശിച്ചു. ഇപ്പോൾ സപ്തതിയുടെ നിറവിലേയ്ക്ക് നടന്നു നീങ്ങുന്നു. എന്റെ ജീവിതത്തിലുടനീളം സമൃദ്ധമായ ദൈവാനുഗ്രഹത്തിന്റെ പാതയിലൂടെയാണ് ഞാൻ സഞ്ചരിച്ചത്. അത് സാക്ഷ്യപ്പെടുത്തേണ്ടത് എന്റെ കടമയായി ഞാൻ കരുതുന്നു. എന്റെ പൗരോഹിത്യ ജീവിതത്തിന്റെ 45 വർഷങ്ങൾ 2010 ഡിസംബർ 3-ാം തീയതി പൂർത്തിയാകുകയാണ്. പൗരോഹിത്യ ജീവിതത്തിലും, കടമകളുടെ നിർവ്വഹണത്തിലും, വിശ്വസ്തതയും ഉത്തരവാദിത്വവും പുലർത്തുവാൻ ഞാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. സഭയും, സഭാധികാരികളും, ബന്ധുമിത്രാദികളും, ദൈവജനവും എന്നെ സഹായിച്ചിട്ടുണ്ട്. എന്റെ ജീവിതാനുഭവങ്ങൾ പങ്കുവെച്ച അവസരങ്ങളിൽ എന്റെ സ്നേഹിതരും ബന്ധുക്കളും ഇടവക ജനങ്ങളും എന്റെ ഓർമ്മക്കുറിപ്പുകൾ എഴുതി പ്രസിദ്ധീകരിക്കുന്നത് നല്ലതല്ലേയെന്ന് സ്നേഹപൂർവം ചോദിച്ചിട്ടുണ്ട്. ഈ പ്രേരണകളും പ്രോത്സാഹനങ്ങളും ഇത്തരമൊരു ലഘു പ്രസിദ്ധീകരണം തയ്യാറാക്കുന്നതിന് എന്നെ പ്രേരിപ്പിച്ചു.

കർതൃ സന്നിധിയിലായിരിക്കുന്ന എന്റെ പ്രിയ അപ്പച്ചൻ പെരുമല ചാണ്ടപ്പിള്ളമത്തായിയുടേയും, ജന്മശതാബ്ദി ആഘോഷിക്കുന്ന എന്റെ മാതാവ് റാഹേൽ മത്തായിയുടേയും പാദാരവിന്ദങ്ങളിൽ ഈ ചെറുപുസ്തകം സമർപ്പിക്കുന്നു.

ഫാദർ ഗീവറുഗീസ് പെരുമല

www.malankaralibrary.com

# ഡിസംബറിന്റെ സൗരഭ്യം

1940 ഡിസംബറിലെ ക്രിസ്തുമസ് രാത്രി. ശാന്തിയുടെയും സമാധാനത്തിന്റെയും സദ്വാർത്ത വാനമേഘലങ്ങളിൽ മാറ്റൊലി കൊള്ളുന്ന അനുഗ്രഹീത യാമം. രാത്രിയുടെ നിശബ്ദതയിൽ കർത്താവിന്റെ അവതാരം ഉദ്ഘോഷിച്ച് എങ്ങും പള്ളിമണികൾ മുഴങ്ങിനിന്നു. മെഴുകുതിരികൾ കത്തിച്ച് ഗ്രാമവാസികൾ ദേവാലയങ്ങളിലേക്ക് നീങ്ങിക്കൊണ്ടിരുന്നു. തിരുപ്പിറവിയുടെ ധന്യ നിമിഷങ്ങളിൽ തന്നെ പത്തനംതിട്ട ജില്ലയിൽ അങ്ങാടിക്കൽ വില്ലേജിൽ പെരുമല ചാണ്ടപ്പിള്ള മത്തായിക്കും റാഹേൽ മത്തായിക്കും അവരുടെ രണ്ടാമത്തെ മകനെ ദൈവം സമ്മാനിച്ചു. ആ മകനാണ് ഞാൻ - **ഫാദർ ഗീവറുഗീസ് പെരുമല.**


## പെരുമലകുടുംബത്തിലെ അംഗം

പെരുമലയെന്ന പൂർവ്വിക കുടുംബത്തിലെ ഒരംഗമായാണ് ഞാൻ ജനിച്ചത്. ചേരരാജാക്കന്മാരുടെ ഭരണകാലത്ത് കേരളത്തിൽ അവരുടെ അധികാര സീമയിൽ 64 നാട്ടു രാജ്യങ്ങൾ ആവിർഭവിച്ചു. അവയിലൊന്നായിരുന്നു ചെന്നീർക്കര. ചെന്നീർക്കരയുടെ തലസ്ഥാനം വളരെക്കാലം കൊടുമണ്ണിനടുത്തുള്ള അങ്ങാടിക്കൽ ആയിരുന്നു. തലസ്ഥാനം ചെന്നീർക്കരയിൽ നിന്നും അങ്ങാടിക്കലേയ്ക്ക് മാറ്റിയ കാലത്ത് രാജകുടുംബം, ക്രിസ്ത്യാനി, നായർ, ആശാരി, പുലയർ എന്നീ നാലു ജാതിക്കാരെ കൂടെ കൊണ്ടുവന്നിരുന്നു. അങ്ങാടിക്കലുള്ള പെരുമലതളി ശിവക്ഷേത്രത്തിലെയും മറ്റു ക്ഷേത്രങ്ങളിലെയും ആവശ്യത്തിനുകൊണ്ടുവന്നിരുന്ന പൂജാവസ്തുക്കളെ തൊട്ട് ശുദ്ധിവരുത്തുവാനാണ് ക്രിസ്ത്യാനികളെ നിയോഗിച്ചിരുന്നത്. അങ്ങനെ കൊണ്ടുവരപ്പെട്ട ക്രിസ്ത്യൻ കുടുംബത്തിന്റെ പിൻതലമുറക്കാരാണ് പെരുമലകുടുംബാംഗങ്ങൾ. ശക്തിഭദ്രരാജാക്കന്മാരുടെ ഉപദേഷ്ടാക്കളായും സൈനികനേതാക്കളായും പെരുമലക്രിസ്ത്യാനികൾ സേവനമനുഷ്ഠിക്കുകയും രാജാക്കന്മാരിൽ നിന്നും സ്ഥാനമാനങ്ങൾ നേടുകയും ചെയ്തിട്ടുണ്ട്.

ഏഴുതലമുറകൾക്കപ്പുറത്തെ പൂർവികരെക്കുറിച്ച് കൃത്യമായ ചരിത്രവസ്തുതകൾ ലഭ്യമല്ലെങ്കിലും വർക്കി എന്ന പൂർവികൻ മുതലുള്ള വംശാവലി ലഭ്യമാണ്. അദ്ദേഹം അങ്ങാടിക്കൽ അക്കരപെരുമലയിൽ താമസിച്ചിരുന്നു.

www.malankaralibrary.com

ഈ തായ്തണ്ടിൽ നിന്നും പറിച്ചു നടപ്പെട്ട ശിഖരങ്ങളാണ് ചന്ദനപ്പള്ളിയിലും, അങ്ങാടിക്കലും, നെടുമൺകാവിലും ഇതര സ്ഥലങ്ങളിലുള്ള പെരുമല കുടുംബാംഗങ്ങൾ. വർക്കിയുടെ അഞ്ചാം തലമുറക്കാരനാണ് എന്റെ പിതാവ് ചാണ്ടപ്പിള്ള മത്തായി. അദ്ദേഹത്തിന്റെ മൂത്ത സഹോദരനാണ് മൺമറഞ്ഞ ഫാദർ തോമസ് പെരുമല. ചാണ്ടപ്പിള്ള യോഹന്നാൻ, ജോർജ് ഇവർ ഇളയ സഹോദരർ.



ഫാ. തോമസ് പെരുമല

## എന്റെ മാതാപിതാക്കൾ



ചാണ്ടപ്പിള്ള മത്തായി　　　　റാഹേൽ മത്തായി

www.malankaralibrary.com

## ചാണ്ടപ്പിള്ള മത്തായി

കഠിനാദ്ധ്വാനിയും പ്രാർത്ഥനാ ചൈതന്യവുമുള്ള ഒരു വ്യക്തിയായിരുന്നു എന്റെ പിതാവ് ചാണ്ടപ്പിള്ള മത്തായി. അതി രാവിലെ എഴുന്നേറ്റ് ഞങ്ങളെ ഉറക്കത്തിൽ നിന്നും വിളിച്ചുണർത്തി പ്രാർത്ഥനാ ഗീതങ്ങൾ ആലപിച്ച് പ്രാർത്ഥനയ്ക്കുശേഷം കൃഷി സ്ഥലത്തേക്ക് പോകുമായിരുന്നു. എന്റെ വൈദിക ജീവിതത്തിന്റെ മൂന്നാം വർഷത്തിൽ അറുപത്തിരണ്ടാമത്തെ വയസ്സിൽ 1968 മാർച്ച് 10 ന് ഇഹലോകവാസം വെടിഞ്ഞു. സ്നേഹത്തോടും ആദരവോടും കൂടി എന്റെ വൽസല പിതാവിനെ ഞാൻ അനുസ്മരിക്കുന്നു.

## റാഹേൽ മത്തായി - എന്റെ വൽസല മാതാവ്

കൈപ്പട്ടൂർ കടുമ്പിൻ കീഴിൽ കുടുംബാംഗമായ ഗീവറുഗീസിന്റെയും മെഴുവേലിൽ തെക്കേതിൽ കുടുംബാംഗമായ അന്നമ്മയുടെയം മൂത്തമകളാണ് എന്റെ അമ്മ റാഹേൽ. ഇവർ താമസിച്ചിരുന്നത് വി. കോട്ടയത്ത് കരിഞ്ചേറ്റ കിഴക്കേതിൽ. റാഹേലിന് മൂന്ന് ഇളയ സഹോദരൻമാർ - പരേതനായ ഉണ്ണൂണ്ണി, ഇന്ന് ജീവിച്ചിരിക്കുന്ന ദാനിയേൽ, പരേതനായ ബേബി. മൂന്ന് ഇളയ സഹോദരിമാർ - കുഞ്ഞേലി, തങ്കമ്മ, ശോശാമ്മ.

എന്റെ അമ്മ ഭാഗ്യവതിയായ ഒരു മാതാവാണ്. ജന്മശതാബ്ദിയിലേക്ക് കടന്നു വന്നിരിക്കുമ്പോഴും സാമാന്യം നല്ല ആരോഗ്യം, കാഴ്ച, കേൾവി, ഓർമശക്തി എന്നിവ നല്കി ദൈവം അമ്മയെ കാത്ത് സംരക്ഷിച്ചുകൊണ്ടിരിക്കുന്നു.

കഴിഞ്ഞ 15 വർഷങ്ങളായി പല രോഗങ്ങൾക്കും വിധേയമായെങ്കിലും അതിനെയെല്ലാം അതിജീവിച്ചു കൊണ്ട് ജീവിതയാത്ര തുടരുന്നു. അടൂർ ഹോളിക്രോസ്, തിരുവല്ല പുഷ്പഗിരി, പത്തനംതിട്ട മുത്തൂറ്റ്, തിരുവനന്തപുരം കോസ്മോ, പന്തളം സി. എം ഹോസ്പിറ്റൽ തുടങ്ങിയ ആശുപത്രികളിൽ വിദഗ്ദ്ധ ഡോക്ടർമാരുടെ ചികിത്സയ്ക്ക് വിധേയമായിട്ടുണ്ട്. വൈദ്യശാസ്ത്രത്തേയും മരുന്നുകളേയും അതിജീവിച്ചുകൊണ്ട് സാമാന്യം നല്ല ആരോഗ്യത്തോടുകൂടി ഇന്നും ജീവിക്കുന്നു. ആൺമക്കളും മരുമക്കളും കൊച്ചുമക്കളും അമ്മയെ നന്നായി പരിചരിക്കുന്നു, സഹായിക്കുന്നു. അമ്മയ്ക്ക് അല്ലലില്ല, പരിഭവമില്ല, പരാതിയില്ല ദൈവത്തോടും മറ്റുള്ളവരോടും നന്ദി മാത്രം.

www.malankaralibrary.com

## എന്റെ സഹോദരങ്ങളും
## അവരുടെ കുടുംബാംഗങ്ങളും

### I എം. ജോയി




*മറിയാമ്മ, എം. ജോയി*

ജനനം : 5/3/1948, 3/9/1935. വിവാഹം : 1/2/1965

***മക്കൾ***

*(1) മോനി. പട്ടം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിൽ ജോലി ചെയ്യുന്നു താമസം തിരുവനന്തപുരം. ഭർത്താവ് ഏബ്രഹാം തരകൻ. ചാരുംമൂട് പോളച്ചിറയ്ക്കൽ ആന്നിയിൽ കുടുംബാംഗം, ഖത്തറിൽ ജോലി.*





*മോനി, ഏബ്രഹാം തരകൻ*
*ജനനം 1/9/1967, 4/10/1962,*
*വിവാഹം: 1/8/1994*
*മക്കൾ : നിമിഷ, റിനിഷ*
*ജനനം : 29/9/1996, 1/1/1999*

www.malankaralibrary.com



2. സിസ്റ്റർ മേരി മരീന SND (മിനി)
ജനനം : 6/1/1970
പാറ്റ്ന സന്യാസിനി സമൂഹാംഗം
ഫോൺ : 09431014401





3. മിൻസി, സാംകുട്ടി
ജനനം 31/5/1974,
23/3/1967
വിവാഹം 7/2/2000

മക്കൾ
അലീന മറിയം സാം
അൽവിൻ സാം
ജനനം : 20/12/2000
23/8/2010

www.malankaralibrary.com



4 മോൻസി, ഫിലിപ്പ് പാപ്പച്ചൻ (അനിൽ)
ജനനം : 25/5/1976, 10/5/1972, വിവാഹം : 9/9/2002
മകൻ : ക്രിസ്റ്റിൻസാം ഫിലിപ്പ്, ജനനം : 16/2/2004

## II എം. തോമസ്



എം. തോമസ്, ഏലമ്മ
ജനനം : 19/3/1949, 22/10/1956, വിവാഹം : 11/8/1978
മക്കൾ : 1) ജൂലി, ശരത് (ഭർത്താവ്), താമസം കൊല്ലത്ത്.
ജനനം : 24/12/1979, 14/4/1978. വിവാഹം : 22/5/2004
റീബ, അലക്സ് ജോയി ശരത്, ജനനം : 8-11-2005, 13-6-2007
2. റോഷൻ (ദുബായിൽ) ജനനം : 2/2/1984

www.malankaralibrary.com

## III എം. ജോർജ് (തോമസുകുട്ടി)



*എം. ജോർജ് (തോമസുകുട്ടി), ലിസി ജോർജ് (ഭാര്യ)*
*ജനനം : 22/2/1953, 26/5/1964 വിവാഹം : 9/2/1984*
*ബിബിൻ ജോർജ് (ദോഹയിൽ ജോലി) ജനനം : 16/11/1984*
*സുബിൻ ജോർജ് (മാർത്താണ്ഡത്ത് എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കുന്നു) ജനനം : 8/7/1991*

### എന്റെ പ്രാഥമിക വിദ്യാഭ്യാസം

നാലുമക്കളിൽ രണ്ടാമനായിരുന്നു ഞാൻ. പ്രാഥമിക വിദ്യാഭ്യാസത്തിനു തുടക്കം കുറിച്ചത് കുടുംബത്തിലെ തന്നെ ഗുരുവായിരുന്ന യോഹന്നാൻ ആശാനിൽ നിന്നാണ്. കുടിപള്ളിക്കൂടം നടത്തിയിരുന്ന യോഹന്നാൻ ആശാനാണ് അങ്ങാടിക്കൽ പ്രദേശത്തെ മിക്ക കുഞ്ഞുങ്ങൾക്കും ആദ്യാക്ഷരം കുറിച്ചത്. അദ്ദേഹം പെരുമല കുടുംബാംഗമായിരുന്നു. എന്റെ ജീവിതത്തിൽ ഒരിക്കലും മറക്കാനാവാത്ത ഒരു വ്യക്തിത്വമാണ് യോഹന്നാൻ ആശാൻ.

ആറുമരത്തൂണുകളിൽ നിൽക്കുന്ന ഓല മേഞ്ഞമേൽക്കൂരയും മെടഞ്ഞ ഓലകൾകൊണ്ടുതന്നെയുള്ള പാർശ്വഭിത്തികളും ഉള്ള പള്ളിക്കുടവും നിലത്ത് 'തടുക്ക്' എന്ന പനംപായിലെ ഇരിപ്പും പനയോലയിലെ നാരായം കൊണ്ടുള്ള എഴുത്തും ഒരിക്കലും മറക്കാൻ പറ്റില്ല. അഭ്യാസത്തിനിടയിലെ ശിക്ഷാവിധിയായ നുള്ളും സുഖകരമായ ഒരനുഭവമാണ്.

www.malankaralibrary.com

കുടിപള്ളിക്കുടത്തിലെ അക്ഷരാഭ്യാസത്തിനുശേഷം അങ്ങാടിക്കൽ ഒറ്റത്തേക്കിലെ ലോവർ പ്രൈമറി സ്കൂളിൽ ചേർന്നു. 'ഓവിൽ സ്കൂൾ' എന്നാണ് ഈ സ്കൂൾ അറിയപ്പെടുന്നത്. നാലാം ക്ലാസുവരെ അവിടെ പഠിച്ചു. അഞ്ചുമുതൽ ഏഴുവരെയുള്ള വിദ്യാഭ്യാസം അങ്ങാടിക്കൽ വടക്ക് അക്കരപെരുമല കുടുംബത്തിനു സമീപമുള്ള ദേവസ്വം ബോർഡ് യു പി സ്കൂളിലായിരുന്നു, തുടർന്നുള്ള ഹൈസ്കൂൾ വിദ്യാഭ്യാസം അങ്ങാടിക്കൽ തെക്ക് എസ്. എൻ. വി ഹൈസ്കൂളിൽ.

## വൈദികനാകാൻ താത്പര്യം


ഹൈസ്കൂളിൽ പഠിക്കുന്ന കാലത്ത് വൈദികനാകാൻ എന്നിൽ താത്പര്യം ജനിച്ചു. തട്ട ലുർദ്ഗിരി പള്ളിയിൽ 4 വൈദികരെ അഭിഷിക്തരാക്കുന്ന ചടങ്ങിൽ സംബന്ധിക്കുവാൻ എന്റെ അപ്പച്ചനോടൊപ്പം ഞാനും അങ്ങാടിക്കൽ നിന്ന് നടന്ന് തട്ട പള്ളിയിൽ എത്തി. അഭിവന്ദ്യ ഗ്രിഗോറിയോസ് തിരുമേനിയാണ് പട്ടാഭിഷേക കർമ്മം നിർവ്വഹിച്ചത്. അന്ന് അഭിഷിക്തരായ വൈദികരാണ് ഫാദർ സാമുവേൽ തെങ്ങുവിള (ചന്ദനപ്പള്ളി) ഫാദർ ഈ. എസ്. ജോൺ (ഉളനാട്), ഫാദർ തോമസ് പ്ലാവിള (തട്ട), ഫാദർ ഉമ്മൻ അയ്യനേത്ത് (ചന്ദനപ്പള്ളി). ആ സമയത്ത് പരേതനായ ആന്റണി കേളമ്പറമ്പിലച്ചനായിരുന്നു. തട്ട, കൊടുമൺ, ചന്ദനപ്പള്ളി തുടങ്ങിയ പള്ളികളുടെ വികാരി. മാർ ഗ്രിഗോറിയോസ് തിരുമേനി വൈദികർക്ക് പട്ടം നല്കിയ ചടങ്ങുകൾ എന്റെ ഹൃദയത്തിൽ ഒരു ദിവ്യസ്പർശനമുണ്ടാക്കിയെന്ന് പറയാം. പട്ടം കൊട ശുശ്രൂഷകൾക്കുശേഷം എന്റെ അപ്പച്ചൻ എന്നോട് പറഞ്ഞു നമുക്ക് തിരുമേനിയെ കണ്ട് നിന്നെയും പട്ടത്തിന് ചേർക്കണമെന്ന് പറയാം. പത്താംക്ലാസ് കഴിയട്ടെയെന്ന് ഞാൻ അപ്പച്ചനോട് മറുപടി പറഞ്ഞു. അപ്പച്ചന്റെയും അമ്മച്ചിയുടെയും ഒരു സ്വപ്നമായി എന്റെ വൈദിക പഠനം ഉണ്ടായിരുന്നുവെന്ന് എനിക്കു തോന്നി. വൈദിക പഠനത്തിനനുകൂലമായ ഒരു ചിന്താഗതി എന്നിൽ വേരുറയ്ക്കാൻ ഇത് നിമിത്തമായി

ഫാദർ തോമസ് പെരുമല, ഫാ. ദാനിയേൽ അയ്യനേത്ത്, ഫാദർ സാമുവൽ തെങ്ങുവിള, ഫാദർ ജോർജ് കുറ്റിയിൽ, ഫാദർ സാമുവൽ പള്ളിവാതുക്കൽ, റൈറ്റ് റവ. ദാനിയൽ വടക്കേക്കര കോർ എപ്പിസ്ക്കോപ്പ, ഫാ. സാമൂവൽ കാവിൽ എന്നിവരുമായുള്ള സഹവർത്തിത്വവും സ്നേഹബന്ധവും എന്റെ ദൈവവിളിയെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്.

www.malankaralibrary.com

## സെമിനാരി പ്രവേശനം

എസ്.എസ്.എൽ.സി പരീക്ഷ പാസായ ഉടനെ 1958 ൽ ഞാൻ തിരുവനന്തപുരത്ത് സെന്റ് അലോഷ്യസ് സെമിനാരിയിൽ ചേർന്നു. ഒന്നാം ക്ലാസു മുതൽ പത്താം ക്ലാസുവരെ പഠിച്ച, സ്കൂളിൽ എന്റെ സഹപാഠിയായിരുന്ന ഫിലിപ്പ് തോമസ് കൊച്ചു കല്ലിനോടൊപ്പ മാണ് എന്റെ സെമിനാരി പ്രവേശനം. എന്നോടൊപ്പം സെമിനാരി



*എന്റെ സെമിനരി സഹപാഠികൾ*




*എന്റെ സഹപാഠികൾ*

യിൽ ചേർന്ന് വൈദികരായി ഇന്നും ജീവിക്കുന്നവരാണ് റൈറ്റ്. റവ. ഗീവറുഗീസ് മണ്ണിക്ക രോട്ട് കോർഎപ്പിസ്കോപ്പ, ഫാദർ ജോസഫ് തടത്തിൽ, ഫാദർ പി. റ്റി ജോർജ് എന്നി വർ. മൺമറഞ്ഞവർ ഫാദർ ഡേവിഡ് ഇല്ലരിക്കൽ, ഫാദർ ഫിലിപ്പ് തോമസ് കൊച്ചുക ല്ലിൽ, ഫാദർ ലൂയിസ് ഫിലി പ്പോസ്. മൺമറഞ്ഞവർക്ക് ഈ സതീർത്ഥ്യന്റെ സ്മരണാഞ്ജ ലികൾ.

ഭാഗ്യ സ്മരണാർഹനായ മാർ ഗ്രിഗോറിയോസ് തിരുമേ


www.malankaralibrary.com



*ലോറൻസ് മാർ അപ്രേം*

നിയാണ് എന്നെ സെമിനാരിയിലേക്ക് സ്വീകരിച്ചത്. ലോറൻസ് അച്ചനായിരുന്നു സെമിനാരി റെക്ടർ. പിന്നീട് അദ്ദേഹം മെത്രാനായി. ലോറൻസ് മാർ അപ്രേം തിരുമേനി തിരുവനന്തപുരം സഹായ മെത്രാനായും മാർത്താണ്ഡം രൂപതയുടെ ആദ്യ മെത്രാനായും സഭയെ നയിച്ചു. റെക്ടർ അച്ചനായിരുന്ന ലോറൻസ് തോട്ടം അച്ചൻ സെമിനാരിയുടെ നേതൃത്വവും പരിശീലനവും കൂടാതെ തിരുവനന്തപുരത്തും സമീപപ്രദേശങ്ങളിലും മിഷൻ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കുമായിരുന്നു. തിരുവനന്തപുരത്തും പരിസര പ്രദേശങ്ങളിലും ഇന്നുള്ള പല ഇടവകകളും മിഷനുകളും ബഹു. ലോറൻസ് അച്ചന്റെ ത്യാഗോജ്വലമായ പ്രവർത്തനത്തിന്റെ ഫലമാണ്. രണ്ടു വർഷക്കാലത്തെ മൈനർ സെമിനാരി ജീവിതം ഒരിക്കലും മറക്കനാവാത്ത ദിവ്യമായ അനുഭവമാണ്.

വിമോചനസമരം നടന്നത് ആ കാലയളവിലാണ്. തിരുവനന്തപുരത്ത് നടന്ന സമരങ്ങളെ തുടർന്ന് പോലീസിന്റെ ഭീകരവാഴ്ചയിൽ നിന്നും പള്ളിയേയും അരമനയേയും സെമിനാരിയേയും സംരക്ഷിക്കാൻ ധാരാളം ജനങ്ങൾ രാപകൽ കാവൽ കിടന്നു. അന്ന് അരമനയും മൈനർ സെമിനാരിയു



*എന്റെ ബാച്ചിലുള്ളവർ*

www.malankaralibrary.com

മൊക്കെ കത്തീഡ്രൽ പള്ളിക്ക് തെക്കു ഭാഗത്തുള്ള പഴയ കെട്ടിടങ്ങളായിരുന്നു. ഇന്ന് അവയൊക്കെ പൊളിച്ചുമാറ്റി പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. പൂന്തുറ വെടിവെയ്പും ഫ്ളോറിയുടെ മരണവും അങ്കമാലിയിലെ ഭീകരതയുമൊക്കെ സെമിനാരിക്കാരായ ഞങ്ങളുടെ മനസിൽ നൊമ്പരങ്ങളായി തങ്ങി നിന്നു. രണ്ട് വർഷക്കാലത്തെ മൈനർ സെമിനരി ജീവിതത്തിനുശേഷം 1960 ൽ ഞാൻ മംഗലാപുരം മേജർ സെമിനരിയിൽ ചേർന്നു. മൂന്ന് വർഷം ഫിലോസഫിയും നാല് വർഷം തിയോളജിയും പഠിച്ചു.



*ഫാ. റോക്ക*
*മംഗലാപുരം മേജർ സെമിനരി റെക്ടർ*



*സഹപാഠികൾ*

www.malankaralibrary.com



*ഫാ. ജോൺ ഡിസൂസ S.J.*

മൂന്നു റീത്തുകളിൽപെട്ട വൈദിക വിദ്യാർത്ഥികൾക്ക് മേജർ സെമിനരി പരശീലനത്തിനായി കേരളത്തിൽ ആലുവ പൊന്തിഫിക്കൽ സെമിനരി മാത്രമേ അക്കാലത്ത് ഉണ്ടായിരുന്നുള്ളു. അവിടെ എല്ലാവർക്കും പ്രവേശനം ലഭിക്കുക സാദ്ധ്യമായിരുന്നില്ല. കേരളത്തിനു പുറത്തുള്ള മേജർ സെമിനാരികളിൽ തിരുച്ചിറപ്പള്ളി, ബാംഗ്ലൂർ സെമിനാരി, അഹമ്മദാബാദ് സെമിനാരി മംഗലാപുരം സെന്റ് ജോസഫ്സ് സെമിനരി, പൂന സെമിനാരി എന്നിവിടങ്ങളിലേക്കും വൈദിക വിദ്യാർത്ഥികളെ അയയ്ക്കുകയാണ് ചെയ്തിരുന്നത്. പ്രവേശനം ലഭിക്കാതെ വന്നാൽ മൈനർ സെമിനാരിയിൽ തുടർന്നുകൊണ്ട് അടുത്തവർഷം അയയ്ക്കപ്പെടുന്ന സംഭവങ്ങളും ഉണ്ടായിട്ടുണ്ട്.

പിന്നീട് കോട്ടയത്ത് മേജർ സെമിനാരി സ്ഥാപിതമായി. 1983 ൽ മലങ്കര മേജർ സെമിനാരി തിരുവനന്തപുരത്ത് നാലാഞ്ചിറയിൽ ആരംഭിച്ചു. മേജർ സെമിനരി പഠനം നിർവഹിക്കപ്പെട്ട മംഗലാപുരം സെന്റ് ജോസഫ് സെമിനരിയും അവിടെ എന്നെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്ത വൈദിക ഗുരുശ്രേഷ്ഠരുമാണ് ഇന്നത്തെ ഞാൻ എന്ന വൈദികനെ ഈ നിലയിൽ എത്താനും, പ്രവർത്തിക്കാനും, നിലനിൽക്കാനും സഹായിച്ചിട്ടുള്ളത്.

മംഗലാപുരം സെന്റ് ജോസഫ് സെമിനാരി, മംഗലാപുരം-കോഴിക്കോട് ലത്തീൻ രൂപതകളുടെ അധീനതയിലും, വൈദിക വിദ്യാർത്ഥികളുടെ പരിശീലനം ഈശോസഭാ സമൂഹത്തിനുമായിരുന്നു.

www.malankaralibrary.com



*പ്രഥമദിവ്യബലിയർപ്പണസമയത്ത്*
*അങ്ങാടിക്കൽ ഇടവകാംഗങ്ങൾ നൽകിയ സ്വീകരണം*

ഇറ്റാലിയൻ ജസ്യൂട്ട് സഭയിലെ ഫാ. റോക്ക, ഫാ. പിയോവിസാൻ എന്നിവരുടെയും മംഗലാപുരം ജസ്യൂട്ട് വൈദികരായ ഫാ. ജോൺ ഡിസൂസ, ഫാ. വലേറിയൻ, ഫാ. ലിഗറി തുടങ്ങിയവരുടേയും ശിക്ഷണം എനിക്കു ലഭിച്ചിട്ടുണ്ട്.

കേരളത്തിലേയും ഇതര സംസ്ഥാനങ്ങളിലേയും മൂന്നു റീത്തുകളിലുംപെട്ട വൈദിക വിദ്യാർത്ഥികൾ ഒരുമിച്ചാണ് സെമിനാരിയിൽ പഠിച്ചിരുന്നത്.

ഇപ്പോൾ മംഗാലപുരം രൂപതാദ്ധ്യക്ഷൻ റൈറ്റ് റവ. അലോഷ്യസ് പി. ഡിസൂസ, കൊല്ലം രൂപതയിലെ മോൺ. ജെയിംസ് പുത്തൻപുര എന്നിവർ എന്റെ മേജർ സെമിനാരി സഹപാഠികളാണ്.

രണ്ടാം വത്തിക്കാൻ സുന്നഹദോസിന്റെ സമാപനം എന്റെ സെമിനാരി പഠനകാലത്തായിരുന്നു. സുന്നഹദോസ് നല്കിയ പുതിയ കാഴ്ചപാടുകളും വെളിച്ചവും ഞങ്ങളുടെ സെമിനാരി പഠനത്തിൽ പുതിയ അവബോധങ്ങൾ നൽകി.

www.malankaralibrary.com

വൈദിക ജീവിതത്തെക്കുറിച്ചും അജപാലന ദൗത്യത്തെക്കുറിച്ചും സാമൂഹിക വീക്ഷണങ്ങളെ ക്കുറിച്ചും ഞങ്ങളുടെ സെമിനാരി പഠനത്തിൽ പുതിയ ദർശനങ്ങൾ ലഭിച്ചു.

വൈദികനായശേഷം ബാംഗ്ലൂർ NBCLC യിലും ഫിലിപ്പെൻസിൽ മനിലയിലെ EAST ASIAN PASTORAL INSTITUTE ലും U.S.A യിൽ MADONA UNIVERSITY യിലും മതപരമായ പഠനങ്ങൾക്കായി ചേരുവാനും പഠിക്കാനും കഴിഞ്ഞിട്ടുണ്ട്.

1966 ഡിസംബർ മൂന്നിന് തിരുവനന്തപുരം പട്ടം അതിഭദ്രാസന ദേവാലയത്തിൽ വെച്ച് അഭിവന്ദ്യ ഗ്രിഗോറിയോസ് തിരുമേനിയിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു.

എന്റെ ഇടവക പള്ളിയായ അങ്ങാടിക്കൽ സെന്റ് മേരീസ് മലങ്കരകത്തോലിക്കപള്ളിയിലായിരുന്നു, ഡിസംബർ അഞ്ചിന് എന്റെ പ്രഥമ ദിവ്യബലി. ഫാദർ സാമുവേൽ തുണ്ടിയിൽ അച്ചനായിരുന്നു ഇടവകവികാരി. എന്റെ തിരുപട്ടത്വ ശുശ്രൂഷയിലും, പ്രഥമ ദിവ്യബലിയർപ്പണത്തിലും എന്റെ Benefactress Rose Draskovick അമേരിക്കയിൽ നിന്ന് എത്തിയിരുന്നു.

അതിനുശേഷം എന്റെ വൈദിക പഠനം 1967 മാർച്ച് വരെ ഉണ്ടായിരുന്നു.



*ഫാ. ജോൺ കല്ലൂർ (യൂഹാനാനോൻ മാർ ക്രിസോസ്റ്റം) വെണ്ണിയൂർ പ്രീപ്രൈമറി കുട്ടികളോടൊപ്പം*


www.malankaralibrary.com

## പൗരോഹിത്യ ശുശ്രൂഷ

ഒരു വൈദികനെന്ന നിലയിൽ എനിക്കേറ്റം ഇഷ്ട മായിരുന്നത് ഇടവകവൈദിക നായിരിക്കുന്നതിനാണ്. സ്ഥാ പനങ്ങളുടെ ചുമതല വഹി ക്കുന്നതിനോട് യാതൊരു താത്പര്യവും ഉണ്ടായിരു ന്നില്ല എന്നാൽ എന്റെ മേല ധികാരികളും സഭയും ചുമത ലപ്പെടുത്തിയവയെ ഞാൻ പൂർണ്ണമായി സ്വീകരിച്ച് നിർവ ഹിക്കുകയും ചെയ്തു.



*കണ്ണറവിള പള്ളി*



*കൊടങ്ങാവിള കുരിശടി*

പൗരോഹിത്യ ശുശ്രൂഷയുടെ ആദ്യഘട്ട ത്തിൽ മൂന്നു മാസക്കാലം മിഷൻ മേഖലയായ കന്യാ കുമാരി ജില്ലയിലെ മാർ ത്താണ്ഡത്ത് വന്ദ്യമോൺ സിഞ്ഞോർ ജോസഫ് കുഴി ഞ്ഞാലിലച്ചനോടൊപ്പം താമസിച്ച് മിഷൻ പ്രവർത്ത നങ്ങളുടെ ആദ്യപാഠങ്ങൾ പഠിച്ചു. ഇപ്പോൾ റമ്പാനാ യിരിക്കുന്ന മാത്യു വാഴപ്പി ള്ളേത്ത് അച്ചനും അവിടെ ഉണ്ടായിരുന്നു. മാർത്താ ണ്ഡം പള്ളിയിൽ താമസി ച്ചുകൊണ്ട് ആറ്റൂർ, കാട്ടു വിള, ഉണ്ണാമലക്കട, സൂസ്യ

www.malankaralibrary.com

യ്പുരം തുടങ്ങിയ പള്ളികളിൽ പൗരോഹിത്യ ശുശ്രൂഷകൾ നിർവ ഹിക്കുകയും ചെയ്യുമായിരുന്നു.

മൂന്നുമാസക്കാലം ഞാൻ മാർത്താണ്ഡത്ത് താമസിച്ചു. തുടർന്നുള്ള എട്ടുമാസക്കാലം എന്റെ പ്രവർത്തനരംഗം റാന്നി-പെരു നാട് വൈദിക ജില്ലയിൽ മാമ്പാറ (പെരുനാട്) ഇടവകയിൽ പരേ തനായ വർഗ്ഗീസ് ഇടത്തിലച്ചനോടൊപ്പം താമസിച്ചുകൊണ്ട് പെരു നാട്, ചിറ്റാർ, വയ്യാറ്റുപുഴ, സീതത്തോട്, ആങ്ങമുഴി, കൊച്ചുകോ യിക്കൽ, തോണിക്കടവ് പള്ളികളിൽ സഹവികാരിയായിരുന്നു. ഈ വന പ്രദേശമിഷൻ മേഖലയിൽ ഇന്നത്തെപ്പോലെ റോഡുകളോ, വാഹനങ്ങളോ, നടപ്പാതകളോ ഇല്ലായിരുന്നു. പള്ളികളിൽ ഭൂരി ഭാഗവും ഓലയും പുല്ലുംമേഞ്ഞ ഷെഡ്ഡുകളായിരുന്നു. പള്ളികളിൽ മാസത്തിൽ രണ്ട് വിശുദ്ധകുർബ്ബാന മാത്രം. ഇന്നത്തെ സംവിധാ നങ്ങൾ എത്രയോ മെച്ചം!

എന്റെ അടുത്ത പ്രവർത്തനരംഗം തിരുവനന്തപുരം ജില്ലയിൽ ബാലരാമപുരം കേന്ദ്രീകരിച്ചായിരുന്നു. 1968-1973 വരെയുള്ള അഞ്ചു വർഷക്കാലം താമസം ബാലരാമപുരം പള്ളിയിൽ. ബഹുമാനപ്പെട്ട സാമുവേൽ പള്ളിവാതുക്കൽ അച്ചനോടും, ഫിലിപ്പ് ഉഴന്നല്ലൂർ അച്ച നോടും ഒപ്പം. വെണ്ണിയുർ, ഊക്കോട് വിഴിഞ്ഞം മുല്ലൂർ, ചൊവ്വരപ്പ ള്ളികളുടെ ചുമതല. അജപാലന ശുശ്രൂഷയോടൊപ്പം സാമൂഹിക



*പുത്തൂർ കുരിശടി*

www.malankaralibrary.com



സണ്ടേസ്കൂൾ ഓഫീസിൽ

സേവനത്തിനും വിദ്യഭ്യാസ പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചു. ഇതിനൊരുദാഹരണമാണ് വെണ്ണിയൂരിൽ സ്ഥാപിതമായ സെന്റ് ജോസഫ് മലങ്കര സോഷ്യൽ സെന്റർ. തയ്യൽ പരിശീലനം, റോഡ് വികസനം, ഭവനനിർമ്മാണം, ബാങ്ക് ലോൺ തുടങ്ങിയ പദ്ധതികളിലൂടെ നാടിന്റെ സാമൂഹ്യ-സാമ്പത്തിക വികസനത്തിന് ഊന്നൽ നൽകി. അംഗനവാടികൾ, നേഴ്സറി സ്കൂളുകൾ ഇതര വിദ്യാഭ്യാസസ്ഥാപനങ്ങൾ ഇവ മിക്കവാറും എല്ലാ മിഷൻ കേന്ദ്രങ്ങളിലും സമാരംഭിച്ചു. ബാലരാമപുരം, നെയ്യാറ്റിൻകര, ധനുവച്ചപുരം, പൂന്നാവൂർ, മലയിൻകീഴ് കാട്ടാക്കട തുടങ്ങിയ സ്ഥലങ്ങളിൽ അതിന്റെ പ്രതിഫലനങ്ങൾ ഇന്ന് വ്യക്തമായി കാണാം.

തെങ്ങ് ഒറ്റി ഒഴിപ്പിക്കൽ, ചെറുകിട വ്യവസായങ്ങൾ, കൈത്തൊഴിലുകൾ ഇവയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായം ബാങ്കുകളിൽ നിന്നും നിസാരപലിശയ്ക്ക് ലഭ്യമാക്കി കൊടുത്തു.

"അദ്ധ്വാനത്തിന് ആഹാരം", 60 ഓളം കുടുംബങ്ങൾക്ക് വീട്, 75 ഓളം കുടുംബങ്ങൾക്ക് കക്കൂസുകൾ, 65 ഓളം കുടുംബങ്ങൾക്ക് കിണറുകൾ ഇവ കൊടുക്കുന്നതിന് നേതൃത്വം നൽകി.

1983 - 1986 വരെ കൊല്ലത്ത് കടപ്പാക്കടയിൽ താമസവും, കൊല്ലം, കൊട്ടറ, പൂയപ്പള്ളി, മരുതമൺ പള്ളി ഇടവകകളുടെ വികാരിയും ആയിരുന്നു. 1985 ൽ ഞാൻ കൊല്ലത്ത് താമസിക്കുമ്പോ

www.malankaralibrary.com

ഴാണ് പഠനത്തിനായി ഫിലിപ്പൈൻസിലുള്ള East Asian Pastoral Institute ൽ ആറുമാസത്തെ പഠനത്തിനായി പോകുന്നത്.

1986-89 വരെ കിഴക്കേതെരുവ് പള്ളിയിൽ താമസിച്ചുകൊണ്ട് കരിക്കം, അലക്കുഴി, മൈലം, പുലമൺ പള്ളികളുടെ വികാരിയായും കൊട്ടരക്കര വൈദിക ജില്ലാവികാരിയായും സേവനം അനുഷ്ഠിച്ചു

1973 മുതൽ 1981 വരെ തിരുവനന്തപുരം അതിഭദ്രാസന പ്രൊക്കുറേറ്ററായിരിക്കുമ്പോഴും അതിനുശേഷവും കണ്ണറവിളകൊ ടങ്ങാവിള പള്ളികളുടെ വികാരിയായിരുന്നു. പ്രൊക്കുറേറ്റർ സ്ഥാനം ഒഴിഞ്ഞപ്പോൾ കണ്ണറവിളയിൽ താമസിച്ചുകൊണ്ട് ധനുവച്ചപുരം, പനയറയ്ക്കൽ, വെള്ളൂർകോണം തുടങ്ങിയ പള്ളികളുടെ ചുമത ലയും നിർവ്വഹിച്ചിരുന്നു. 1981 - 1983 കാലഘട്ടത്തിൽ എന്റെ താമസം കണ്ണറവിളയിൽ ആയിരുന്നു.

കണ്ണറവിളയിലും കൊടങ്ങാവിളയിലും പള്ളികളുടെ ചുമതല ഉണ്ടായിരുന്ന കാലഘട്ടത്തിൽ സമൂഹത്തിന്റെ സർവ്വോന്മുഖമായ പുരോഗതിയെ ലക്ഷ്യമാക്കി ആവഷ്കരിച്ച് നടപ്പിലാക്കിയ ഒരു സ്ഥാ പനമാണ് മലങ്കര സോഷ്യൽ വെൽഫയർ സെന്റർ. സ്ത്രീ ശാക്തീ കരണം മുന്നിൽ കണ്ടുകൊണ്ട് വനിതാ ക്ഷേമ ഭവനം, എസ് എസ് എൽ സി പരീക്ഷയിൽ പരാജിതരായി നിരാശരായി കഴിഞ്ഞിരുന്ന പെൺകുട്ടികൾക്ക് ആശയും ആത്മധൈര്യവും പകർന്നുകൊടു



*പൗരോഹിത്യരജത ജൂബിലി ആഘോഷം*

www.malankaralibrary.com

ക്കുന്ന "കണ്ടൻസ്ഡ് കോഴ്സ്", വസ്ത്ര നിർമ്മാണം, ചിത്ര തയ്യൽ, കരകൗശലവസ്തുക്കൾ നിർമ്മാണം, എന്നിവയിലൂടെ ഒരു പരിധിവരെ സാമ്പത്തികമായി ഉയർത്താൻ സഹായിച്ചു.

നാളത്തെ പൗരന്മാരും ഭാവിയുടെ വാഗ്ദാനങ്ങളുമായ ശിശുക്കളുടെ ശാരീരികവും മാനസികവും ബൗദ്ധികവുമായ വളർച്ചയെ ലക്ഷ്യം വച്ചുകൊണ്ട് ശിശുവിഹാറും ശിശുനികേതനും ആരംഭിച്ചു. സാമ്പത്തികമായി പരാധീനത അനുഭവിച്ചിരുന്നവരുടെ നില ഉയർത്തുന്നതിലേയ്ക്ക് പശു വളർത്തൽ പരിപാടിയ്ക്ക് തുടക്കം കുറിച്ചു. വെണ്ണിയൂർ കണ്ണറ വിള പ്രദേശങ്ങളിൽ സാമൂഹ്യസേവന - വിദ്യാഭ്യാസ, തൊഴിലധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തിയപ്പോൾ സഹോദരികൾ സന്യാസ സമൂഹത്തിന്റെ നിർലോഭമായ സഹായ സഹകരണങ്ങൾ ലഭിച്ചിരുന്നു.

1988 ൽ സൺഡേ സ്കൂൾ ഡയറക്ടാറായി നിയമിതനായി ബഹു : മത്തായിമലഞ്ചരുവിലച്ചന്റെ പിൻഗാമിയായാണ് അഭിവന്ദ്യപിതാവ് എന്നെ പുതിയദൗത്യം ഏൽപ്പിച്ചത്. അതോടൊപ്പം കുറവൻകോണം, പേരൂർക്കട, തിരുവല്ലം പള്ളികളുടെ ചുമതലയും ഉണ്ടായിരുന്നു. കുറവൻകോണം പാസ്റ്ററൽ എഡ്യൂക്കേഷൻ സെന്ററിലായിരുന്നു താമസം. 1991 മുതൽ 1995 വരെ കൊല്ലം ജില്ലാവികാരിയായും പുത്തൂർ, കാരയ്ക്കൽ, തേവലപ്പുറം, പൂവത്തൂർ പള്ളികളുടെ വികാരിയായും നിയമിതനായി. 1995 - 1996 വർഷങ്ങളിൽ വണ്ണന്നൂർ പെരുമ്പഴുതൂർ, കരിപ്രകോണം പള്ളികളിൽ ആയിരുന്നു




www.malankaralibrary.com

സേവനം. 1997 മുതൽ 2001 വരെ പുലിയൂർ പാണ്ടനാട്, ചെറിയനാട് പള്ളികളുടെ വികാരിയായും ജോലി ചെയ്തു. 2001 - 2006 വരെ കൂടൽ നെടുമൺകാവ് പള്ളികളുടെ വികാരിയായി കൂടലിൽ ആയിരുന്നു താമസം. 2006 - 2007 വർഷങ്ങളിൽ ചീക്കനാൽ പള്ളിയിൽ താമസിച്ചുകൊണ്ട് പുത്തൻപീടിക, ചീക്കനാൽ പള്ളികളുടെ വികാരിയായി. 2007 മുതൽ 2010 വരെ പന്തളം പള്ളിയിൽ. പുതിയ പന്തളം ജില്ല രൂപികരിച്ചപ്പോൾ അതിന്റെ ജില്ലാ വികാരിയായി. 2010 മുതൽ വള്ളിക്കോട് - കോട്ടയം ഇടവകയിൽ സേവനം അനുഷ്ഠിക്കുന്നു. 50 പള്ളികളുടെ വികാരി ആയിരിക്കാനുള്ള അസുലഭ ഭാഗ്യം എനിക്കു ലഭിച്ചു.

## അതിരൂപതാ പ്രൊക്കുറേറ്റർ

സാമ്പത്തി ക പരാധീനത വളരെയധികം അനുഭവപ്പെട്ടിരുന്ന ഒരു കാലഘട്ടത്തിലാണ് അതിരൂപതാപ്രൊക്കുറേറ്റർ സ്ഥാനം ഏറ്റെടുക്കുന്നത്. 1973 - 1981 കാലഘട്ടത്തിൽ ആ സ്ഥാനം ഞാൻ മാർ ഗ്രിഗോറിയോസ് പിതാവിന്റെ ആവശ്യപ്രകാരം ഏറ്റെടുത്തു. അതിരൂപതയിലെ മുഴുവൻ വൈദികരുമായി ബന്ധപ്പെടേണ്ട, അവരുടെയൊക്കെ വിവിധ പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ട, ഇടവകകളുടെ വിവിധ കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ട ഭാരിച്ച ഉത്തരവാദിത്വമാണ് പ്രൊക്കുറേറ്റർ സ്ഥാനം. എന്നേക്കാളും സീനിയർമാ



*പ്രൊക്കുറേറ്ററുടെ ഓഫീസിൽ*

www.malankaralibrary.com

മും ബഹുമാന്യരും, സഭയിലെ ഉന്നത സ്ഥാനങ്ങൾ വഹിക്കുന്നവരുമായ അനേകം വൈദികരുമായും അത്മായ പ്രമുഖരുമായും ബഹുമാനത്തോടെ പെരുമാറാനും സൗഹൃദത്തോടെ പ്രവർത്തിക്കാനും എനിക്ക് കഴിഞ്ഞിട്ടുണ്ടെന്ന് ഞാൻ കരുതുന്നു.

## മതബോധന ഡയറക്ടർ

വന്ദ്യ ചേപ്പാട്ട് ഫിലിപ്പോസ് റമ്പാച്ചനും ബഹു: മത്തായി മലങ്കരുവിലച്ചനും നട്ടുവളർത്തിയ പ്രസ്ഥാനം പരിപാലിക്കുവാൻ - പരിപോഷിപ്പിക്കാൻ നിയോഗിക്കപ്പെട്ടപ്പോൾ ഒട്ടൊക്കെ ആശങ്കകൾ എന്നിൽ ഉണ്ടായിരുന്നു. മനില ഈസ്റ്റ് ഏഷ്യൻ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും, ബാംഗ്ലൂരിലെ NBCLC യിൽ നിന്ന് ലഭിച്ച പരിശീലനവും, തലശേരി രൂപതയിലും, കാഞ്ഞിരപ്പള്ളി രൂപതയിലും വിശ്വാസ പരിശീലന രംഗത്ത് നടപ്പിലാക്കിയ പദ്ധതികളെ കുറിച്ചുള്ള പഠനവും ക്രമീകൃതമായ വിശ്വാസ പരിശീലനത്തിന് രൂപം കൊടുക്കുവാൻ എന്നെ സഹായിച്ചു. ഇന്നും അതിന്റെ ഫലങ്ങൾ വ്യക്തമായി കാണുവാൻ സാധിക്കും. കാലഘട്ടത്തിന്റെ മാറ്റങ്ങൾക്ക് അനുസൃതമായി വിശ്വാസ പരിശീലനം നൽകേണ്ടത് അനിവര്യമാണ്.

സൺഡേ സ്കൂൾ അസോസിയേഷൻ കാര്യക്ഷമമാക്കുകയും അദ്ധ്യയനം മെച്ചപ്പെടുത്തുകയും അനുബന്ധ പ്രവർത്തനങ്ങൾ നല്ല നിലയിൽ ക്രമീകരിക്കുകയും ചെയ്യുന്നതിൽ ഒട്ടേറെ വൈദീകരും സിസ്റ്റേഴ്സും അല്മായരും എന്നെ സഹായിച്ചിട്ടുണ്ട് ജോയിന്റ് ഡയറക്ടറായിരുന്നത് ഫാദർ ജോർജ് ജോൺ ആയിരുന്നു.



*സൺഡേസ്കൂൾ കലോത്സവ ഉത്ഘാടനം*

www.malankaralibrary.com



*നെടുമൺകാവ് പള്ളി മദ്ബഹാ*

സിസ്റ്റർ പാസ്ക്കൽ SIC, സിസ്റ്റർ ധന്യ SIC, സി. ഏലിയാസ് എന്നിവർ വിശ്വാസ പരിശീലന കാര്യാലയത്തിൽ നിർലോഭമായ സഹായം നൽകി. അസോസിയേഷന്റെ പ്രവർത്തനങ്ങൾ ജനകീയമാക്കിയതിലൂടെ അത്മായ പിന്തുണയും പങ്കാളിത്വവും സജീവമായി. അസോസിയേഷൻ ഭാരവാഹികളായിരുന്ന എസ്.എച്ച്.എം. ജോസഫ് (അടൂർ) ചെറിയാൻ ചെന്നീർക്കര, സാമുവേൽ പുതുപറമ്പിൽ (കുമ്പഴ) ഇവരുടെ ആത്മാർത്ഥമായ സഹായ സഹകരണങ്ങളെ നന്ദിയോടെ സ്മരിക്കുന്നു. ഇവർ മുന്നോട്ടുവെച്ച നല്ല ആശയങ്ങൾ പ്രാവർത്തികമാക്കാൻ പരമാവധി ശ്രമിച്ചു.



*ലണ്ടൻ വാക്സ് മ്യൂസിയത്തിൽ*

www.malankaralibrary.com

## വിദേശ തദ്ദേശീയ യാത്രകൾ

ഞാൻ നടത്തിയിട്ടുള്ള 6 വിദേശയാത്രകളും മൂന്ന് വടക്കേ ഇന്ത്യൻ യാത്രകളും വെറും യാത്രകളായിരുന്നില്ല. മറിച്ച് ഏറ്റം വിജ്ഞാനപ്രദവും ആനന്ദദായകവുമായിരുന്നു. വിവിധ രാജ്യങ്ങളിലെ ആളുകളുടെ ജീവിതരീതികളെപ്പറ്റിയും, സാംസ്കാരികമൂല്യങ്ങളെപ്പറ്റിയും നേരിൽ കണ്ടുപഠിക്കുന്നതിനുള്ള സുവർണ്ണാവസരങ്ങളായിരുന്നു അവ. വിവിധ മേഖലകളിൽ അതിശീഘ്രം സംഭവിച്ചുകൊണ്ടിരിക്കുന്ന പുരോഗതിയും വികസനവും നേരിൽ കണ്ടു മനസിലാക്കുവാൻ എന്റെ യാത്രകൾ സഹായകരമായിട്ടുണ്ട്. 6 വിദേശയാത്രകളും മൂന്ന് തദ്ദേശീയ യാത്രകളും ഞാൻ നടത്തിയിട്ടുണ്ട്. സ്നേഹനിധിയായ ദൈവത്തിന്റെ പരിപാലനവും, സംരക്ഷണവും എന്നോടുകൂടി എപ്പോഴും ഉണ്ടായിരുന്നു. അത് അനുഭവിച്ചറിയുവാൻ എനിക്ക് സാധിച്ചു. " ഇതാ നിന്നെ ഞാൻ എന്റെ ഉള്ളം കയ്യിൽ രേഖപ്പെടുത്തിയിരിക്കുന്നു".

## ഒന്നാമത്തെ വിദേശയാത്ര

1981 ൽ ഒന്നരമാസക്കാലം അമേരിക്കയിലും ഒന്നര മാസക്കാലം യൂറോപ്പിലും, ഹോളിലാൻഡിലും, അമേരിക്കൻ പര്യടനകാലത്ത് ഞാൻ താമസിച്ചിരുന്നത് മിച്ചിഗൺ സ്റ്റേറ്റിൽ ഡിട്രോയിറ്റിനു സമീപമുള്ള ലിവോണിയായിലെ മഡോണ യൂണിവേഴ്സിറ്റിയിൽ ആണ്. അമേരിക്കയിലേക്ക് എന്നെ ക്ഷണിച്ചത് എന്റെ സ്നേഹിതയും ബെനഫാക്ടറും മഡോണയൂണിവേഴ്സിറ്റിയുടെ പ്രസിഡന്റുമായ സിസ്റ്റർ മേരി ഫ്രാൻസിലിൻ ആയിരുന്നു. താമസത്തിനും, അമേരിക്കയിൽ വിവിധ സ്ഥലങ്ങൾ സന്ദർശിക്കുന്നതിനുമുള്ള അവസരങ്ങൾ ഒരുക്കിത്തന്നത്



*ലിബേർട്ടി സ്റ്റാച്യൂ, ന്യൂയോർക്ക്*

www.malankaralibrary.com

സിസ്റ്റർ തന്നെയാണ്. ചിക്കാഗോ, സാൻഫ്രാൻസിസ്കോ, കെന്റക്കി, ന്യൂയോർക്ക്, ന്യൂജേഴ്സി, പിറ്റ്സ്ബർഗ്, വാഷിംഗ്ടൺ, ബാൾട്ടിമോർ, ടെക്സാസ്, ഹൂസ്റ്റൻ ക്ലീവിലാൻഡ് തുടങ്ങിയ സ്ഥലങ്ങളിൽ പര്യടനം നടത്തി.



*സിസ്റ്റർ മേരി ഫ്രാൻസിലിൻ പ്രസിഡന്റ്, മഡോണ യൂണിവേഴ്സിറ്റി*

## യൂറോപ്യൻ പര്യടനം

അമേരിക്കൻ പര്യടനത്തെ തുടർന്ന് ഒന്നരമാസക്കാലം യൂറോപ്യൻ പര്യടനം. എന്നോടൊപ്പം ജോസഫ് കൈപ്പള്ളിൽ അച്ചനും ഉണ്ടായിരുന്നു. ന്യൂയോർക്കിൽ നിന്നും ജർമനിയിൽ ഫ്രാങ്ക്ഫർട്ടിൽ ഇറങ്ങിയപ്പോൾ ഞങ്ങളെ സ്വാഗതം ചെയ്തത് മൈലപ്ര ഇടവകയിലെ മണ്ണിൽ കുടുംബാംഗങ്ങളാണ്. ഫ്രാങ്ക്ഫാർട്ടിൽ നിന്നും ബബേറിയ, റ്റോട്മോസ്, കിഴക്കൻ ജർമനിയിലെ വെസ്റ്റ് ബെർലിൻ, ജർമ്മൻ മതിൽ, കൊളോൺ, ബോൺ തുടങ്ങിയ നഗരങ്ങളും, ഹോളണ്ടിലെ ആംസ്റ്റർഡാമും, ഇംഗ്ലണ്ടിലെ ലണ്ടൻ നഗരവും, അയർലൻണ്ട്, ബെൽജിയം ഫ്രാൻസിലെ പാരീസ്, കൊച്ചുത്രേസ്യാപുണ്യവതിയുടെ ജന്മഭവനം, സന്യാസഭവനം, വിശുദ്ധയുടെ നാമധേയത്തിലുള്ള ദേവാലയം ഇവ സന്ദർശിച്ചു.



*വി. കൊച്ചുത്രേസ്യ*

പാരീസിൽ നിന്നും പരിശുദ്ധ മാതാവ് പ്രത്യക്ഷപ്പെട്ട ലൂർദ് തീർത്ഥാടന കേന്ദ്രത്തിൽ എത്തി. അവിടെ നാലു ദിവസം താമസിച്ചു. ലൂർദ്ദിൽ വിശുദ്ധകുർബാന അർപ്പിച്ചു. സന്ധ്യാസമത്ത് ഗ്രോട്ടോയിൽ വെച്ച് നടത്തപ്പെടുന്ന ജപമാല പ്രാർത്ഥനകളിലും വി. കുർബാന എഴുന്നള്ളിച്ചുകൊണ്ടുള്ള മെഴുകുതിരി പ്രദക്ഷിണത്തിലും സംബന്ധിച്ചു. ലോകത്തിന്റെ നാലുഭാഗത്തുമുള്ള മരിയ ഭക്തർ പരി. അമ്മയുടെ മാദ്ധ്യസ്ഥം തേടി അനുഗ്രഹങ്ങൾ പ്രാപിക്കുന്ന നിമിഷങ്ങളാണ് പ്രദക്ഷിണ സമയം. അതുപോലെ രോഗികൾക്ക് രോഗസൗഖ്യം ലഭിക്കാറുണ്ട് ഗ്രോട്ടോയുടെ

www.malankaralibrary.com



മാർ പീലക്സിനോസ് പിതാവിനോടൊപ്പം



ലോറൻസ് മാർ അപ്രേം പിതാവിനെ സ്വീകരിക്കുന്നു

www.malankaralibrary.com



മോറോൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായ്ക്ക്
ഹാരം അർപ്പിക്കുന്നു



മോസ്റ്റ് റവ. യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയോടൊപ്പം

www.malankaralibrary.com



വന്മഴിയിൽ നിർമ്മിച്ചിട്ടുള്ള
കുരീശടി




പാണ്ടനാട് ഇടവകയിൽ
നിർമ്മിച്ചിട്ടുള്ള കുരിശടി



പന്തളം വൈദികമന്ദിരത്തിനു മുന്നിൽ

www.malankaralibrary.com




പന്തളം പള്ളിയുടെ സമീപം പണിതിരിക്കുന്ന പിയാത്താ



സെന്റ് പീറ്റേഴ്സ് മലങ്കര കത്തോലിക്കാ പള്ളി, പന്തളം

www.malankaralibrary.com



ടർമാൻസ് മോണുമെന്റ്

സമീപം സ്ഥാപിതമായിരിക്കുന്ന കപ്പേളയിൽ വി. കുർബാനയുടെ മുമ്പാകെ ധ്യാനനിരതരായി നിത്യാരാധനയിൽ സംബന്ധിക്കുന്നവരെ അവിടെ കാണാം.

പ്രകൃതിസുന്ദരമായ പർവ്വതനിരകളുടെ അടിവാരത്തുള്ള ഒരു പാറ ഗുഹയിലാണ് മാതാവ് പ്രത്യക്ഷപ്പെട്ടത്. പാറയിൽ നിന്ന് ഒഴുകിവരുന്ന ചെറുഅരുവിയിൽനിന്ന് കുപ്പിയിൽ ശേഖരിച്ചവെള്ളം ഇന്നും എന്റെ കൈവശമുണ്ട്. എന്റെ വിദേശയാത്രകളിൽ എന്നെ ഏറ്റവും അധികം ആകർഷിച്ച പുണ്യസ്ഥലങ്ങളാണ് ലൂർദും അതുപോലെ ഹോളിലാൻഡിൽ തിരുകുടുംബം ജീവിച്ചിരുന്ന സ്ഥലത്ത് പണിതിരിക്കുന്ന നസ്രത്ത് ദേവാലയവും. ലൂർദിൽനിന്നും സ്വിറ്റ്സർലണ്ടിലെ സൂറിച്ചിലേക്ക് ട്രെയിൻ കയറി. അവിടെ എന്നെ സ്വീകരിച്ചത് ഞാൻ തിരുവനന്തപുരം അരമനയിൽ ജോലി ചെയ്യുന്ന അവസരത്തിൽ പരിചയപ്പെട്ട Rosmarie Fas ആയിരുന്നു. എന്റെ താമസം, സ്വിറ്റ്സർലണ്ട് യാത്രകൾ, ഭക്ഷണം ഇവയെല്ലാം ക്രമീകരിച്ചിരുന്നത് Rosmarie Fas തന്നെ. നാലു പ്രാവശ്യം ഞാൻ സ്വിറ്റ്സർലണ്ട് സന്ദർശിച്ചിട്ടുണ്ട്.



Rosmarie Fas

www.malankaralibrary.com



*വത്തിക്കാൻ സ്ക്വയർ*

സ്വിറ്റ്സർലണ്ടിൽ നിന്നും റോമിൽ എത്തിയതിനുശേഷം താമസം റോമിൽ ഫെലിഷ്യൻ സിസ്റ്റേഴ്സിന്റെ ജനറലേറ്റ് ഹൗസിലായിരുന്നു. വത്തിക്കാൻ സെന്റ് പീറ്റേഴ്സ് ദേവാലയത്തിൽ വി. പത്രോസ് ശ്ലീഹായുടെ കബറിട അൾത്താരയിൽ ദിവ്യബലിയർപ്പണത്തിൽ പങ്കെടുത്തു. വത്തിക്കാനിലെ മറ്റു പ്രധാനപ്പെട്ട ദേവാലയങ്ങളായ ലാറ്ററൻ ചർച്ച്, മേരി മേജർ ചർച്ച്, സെന്റ് പോൾസ് ചർച്ച്, എന്നിവയും കൊളോസിയം, ആംബി തീയേറ്റർ, വത്തിക്കാൻ റേഡിയോ എന്നിവയും സന്ദർശിക്കുകയുണ്ടായി.

റോമിൽ നിന്നും ഞാൻ അസീസിയിലേക്കു ട്രെയിൻ കയറി. അസ്സീസ്സിപുണ്യാവാളന് വെളിപാടുണ്ടായ ദേവാലയം, അദ്ദേഹം ജീവിച്ചിരുന്ന ആശ്രമം, കബറിടം എന്നിവ സന്ദർശിച്ചു. അവിടെ നിന്നും മിലാനിലേക്ക് തിരിച്ചു. മിലാൻ റെയിൽവേ സ്റ്റേഷനിൽ എന്നെ സ്വീകരിച്ചത് Msgr. Ettore ആയിരുന്നു. താമസം Via Rwa maro യിൽ. വി. അന്തോണിയോസ് പുണ്യവാളൻ ജീവിച്ചിരുന്ന ആശ്രമവും അദ്ദേഹത്തിന്റെ കബറിടവും വെനീസ് നഗരവും സന്ദർശിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തു തന്നത് Msgr Ettore ആണ്.

www.malankaralibrary.com

## ഹോളിലാൻഡ് യാത്ര


സ്വിറ്റ്സർലണ്ടിൽ നിന്നും ഹോളിലാൻഡിലേക്ക്. താമസം ജറുസേലേമിൽ, Casa Nova യിൽ. വിശുദ്ധ നഗരങ്ങളും സ്ഥലങ്ങളും ഓരോന്നായി സന്ദർശിച്ചു. ദൈവപുത്രനായ യേശു മനുഷ്യനായി പിറന്ന ബേത്‌ലഹേം ദൈവാലയം, യേശുവിന്റെ ജനന സമയത്ത് ആട്ടിടയൻമാരോട് സദ്വാർത്ത അറിയിക്കപ്പെട്ട കുന്നിൻചരിവ് പ്രദേശം, ശിശുവിനേയും കൊണ്ട് ഈജിപ്റ്റിലേക്ക് കടന്നുപോയ വഴി, തിരുകുടുംബം പാർത്തിരുന്ന നസ്രത്ത്, യേശുവിന്റെ മുന്നോടിയായിരുന്ന സ്നാപക യോഹന്നാനിൽ നിന്നും മാമോദീസ സ്വീകരിച്ച ജോർദ്ദാൻനദി, ചാവുകടൽ, ഗലീലിയകടൽ, അന്ധനായ മനുഷ്യനെ യേശു സൗഖ്യമാക്കിയ ജറീക്കോ നഗരം, യാക്കോബിന്റെ കിണർ, ലാസറും സഹോദരിമാരും ജീവിച്ചിരുന്ന ബഥാനിയ, ലാസറിനെ ഉയർപ്പിച്ച കല്ലറ, ഒലിവ് മല, ശിഷ്യൻമാരോടൊപ്പം അന്ത്യ അത്താഴം കഴിച്ച സെഹിയോൻ മാളിക, പീഡാനുഭവത്തിനുമുമ്പ് യേശു പ്രാർത്ഥിച്ച ഗത്സമനി, കുരിശു മരണത്തിന് വിധിക്കപ്പെട്ട പീലാത്തോസിന്റെ അരമന, ഗോഗുൽത്തായിലേക്കുള്ള പാത,



*യേശുകുരിശിൽ തറയ്ക്കപ്പെട്ട സ്ഥലം*

www.malankaralibrary.com

യേശുകുരിശിൽ തറയ്ക്കപ്പെട്ട സ്ഥലം, യേശുവിനെ കുരിശിൽ ഉയർത്തിയ കാൽവരി, അടക്കം ചെയ്ത കബറിടം, സ്വർഗ്ഗത്തിലേക്ക് കയറിപോയ മല എന്നിവിടങ്ങളിൽ സന്ദർശനം നടത്തിയിട്ടുണ്ട്. നസ്രേത്തിലും കുരിശിൽ തറയ്ക്കപ്പെട്ട സ്ഥലത്തും, കബറിടത്തിലും ഞാൻ വി. കുർബ്ബാന അർപ്പിച്ചിട്ടുണ്ട്. മുൻ ഒരുക്കങ്ങളോടെയോ, ക്രമീകരണങ്ങളോടെയോ ആയിരുന്നില്ല വിശുദ്ധ നാട്ടിലേക്കുള്ള യാത്ര. തന്റെ സ്വന്തം ജനമായ ഇസ്രയേലിനെ വാഗ്ദത്ത നാട്ടിലേക്കു നയിച്ച ദൈവം എന്നെയും നയിച്ച ഒരനുഭവമായിരുന്നു ഇത്.




*യേശുവിന്റെ കബറിടം*

വിശുദ്ധ നാട്ടിൽ നിന്നും സൂറിച്ച്, ഫ്രാൻങ്ക് ഫർട്ട് ബോംബെ വഴി, മൂന്ന് മാസത്തെ പര്യടനത്തിനു ശേഷം തിരുവനന്തപുരത്തെത്തി.

## രണ്ടാമത്തെ പര്യടനം - 1985 - 1986 ൽ മനിലയിൽ

### *East Asian Pastoral Institute ലെ പഠനവും പൂർവ്വ ഏഷ്യൻ രാജ്യങ്ങളിലെ പര്യടനവും*

1985 ൽ കൊല്ലം കടപ്പാക്കടയിൽ വികാരിയായിരിക്കുമ്പോൾ മനിലയിലെ East Asian Pastoral Institute ൽ പഠനത്തിനായി അപേക്ഷ സമർപ്പിച്ചു. സ്ഥാപനത്തിൽ പ്രവേശനം ലഭിച്ചെങ്കിലും

www.malankaralibrary.com


Infront of Bagio Church, Philippines

ചില സാങ്കേതിക കാരണങ്ങളാൽ യഥാസമയം എത്തിച്ചേരാൻ സാധിച്ചില്ല. എല്ലാ തടസങ്ങളും മാറ്റി കിട്ടാൻ പരി. കന്യക മറിയത്തിന്റെ മാദ്ധ്യസ്ഥം തേടി ഞാൻ പ്രാർത്ഥിച്ചു. അമ്മയുടെ മുമ്പിൽ ഞാൻ സമർപ്പിച്ച അപേക്ഷയ്ക്ക് ഉടൻ മറുപടി കിട്ടി. എല്ലാ തടസ്സങ്ങളും നീക്കപ്പെട്ടു. 1985 സെപ്റ്റംബർ 15 ന് ഞാൻ സ്ഥാപനത്തിൽ എത്തി പഠനം ആരംഭിച്ചു.


Philippines

മുപ്പത് രാജ്യങ്ങളിൽ നിന്നും അറുപതുപേർ സ്ഥാപനത്തിൽ ഉണ്ടായിരുന്നു. മനിലയിലെ Ateneo യൂണിവേഴ്സിറ്റി ക്യാമ്പസിലായിരുന്നു ഇൻസ്റ്റിറ്റ്യൂട്ട്. അജപാലന വിഷയങ്ങളായിരുന്നു പഠനവിഷയങ്ങൾ. അവിടുത്തെ താമസത്തിനിടയിൽ ബാഗിയോ, മിൻന്തനാവോ ദ്വീപുകളിൽ പര്യടനം നടത്തി. ജനങ്ങളിൽ 93 ശതമാനം കത്തോലിക്കരാണ്. ഞാൻ അവിടെ ആയിരിക്കുമ്പോഴാണ് 'ജനകീയ വിപ്ലവം' നടന്നത്. അതിനു സാക്ഷിയാകാൻ എനിക്ക് സാധിച്ചു. അത് വലിയ ഒരനുഭവം ആയിരുന്നു.


E.A.P.I, Manila, Philipines

മനിലയിലെ പഠനത്തിനുശേഷം എന്നോടൊപ്പം സ്ഥാപനത്തിൽ പഠി

www.malankaralibrary.com


ഫാദർ വർക്കി പീരക്കാട്ടിനൊപ്പം

ച്ചിരുന്ന മലയാളിയും ഈശോസഭാ സന്യാസസമൂഹാംഗമായിരുന്ന ഫാദർ വർക്കി പീരക്കാട്ടിനൊപ്പം ജപ്പാനിലേക്കുപോയി. താമസം ടോക്കിയോയിലുള്ള സോഫിയാ യൂണിവേഴ്സിറ്റിയിൽ. ടോക്കിയോയിൽ നിന്ന് ഒസാക്കയിലേക്കും ഹിരോഷിമയിലേക്കും. രണ്ടാം ലോകമഹായുദ്ധ കാലത്ത് അമേരിക്ക ആറ്റം ബോംബിട്ട സ്ഥലമാണ് ഹിരോഷിമ. ബോംബിടീലിലൂടെ ഉണ്ടായ നാശനഷ്ടങ്ങളുടെ അവശിഷ്ടങ്ങൾ വ്യക്തമായി കാണാമായിരുന്നു. ഇനിയും ലോകത്തിലൊരിടത്തും ബോംബിടീൽ ഉണ്ടാകരുതെയെന്ന് അറിയിച്ചുകൊണ്ടുള്ള "മണി ശബ്ദം" മുഴക്കുവാനുള്ള ഭാഗ്യം ലഭിച്ചു. ഒരു പകൽ അവിടെ ചെലവഴിച്ചു.

ഹിരോഷിമയിൽ ബോംബിട്ടതിനുശേഷം നാഗസാക്കിയിലും ബോംബിടുകയുണ്ടായി. ഇന്നും അതിന്റെ തിക്താനുഭവങ്ങൾ അവിടുത്തെ ജനം അനുഭവിക്കുന്നുണ്ട്. ലോകത്തിന്റെ പല ഭാഗങ്ങളിലും ഇന്ന്


ഹിരോഷിമയിൽ ലോകസമാധാനത്തിനുള്ള മണി മുഴക്കുന്നു

www.malankaralibrary.com

ബോംബിടീൽ നടക്കുന്നുണ്ട്. അത് ഉണ്ടാകാതിരിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.



*സീയോൾ ഒളിമ്പിക്സ് സ്റ്റേഡിയം*

ജപ്പാൻ സന്ദർശനത്തെ തുടർന്ന് ദക്ഷിണ കൊറിയയുടെ തലസ്ഥാനമായ സീയോളി (Seoul) ൽ എത്തി. ഈശോ സഭാ വൈദികരുടെ ചുമതലയിൽ നടത്തപ്പെടുന്ന ഒരു യൂണിവേഴ്സിറ്റിയിൽ ആയിരുന്നു താമസം. അവിടേക്ക് ഞങ്ങളെ സ്വാഗതം ചെയ്തത് EAPI യിൽ ഞങ്ങളെ പഠിപ്പിച്ച ഒരു വൈദികനായിരുന്നു.

ദക്ഷിണ കൊറിയയിൽ ഒരറ്റം മുതൽ മറ്റേ അറ്റം വരെ ബസിൽ യാത്ര ചെയ്തു 1986 ൽ കൊറിയയിൽ വെച്ച് നടത്തപ്പെട്ട ലോക ഒളിമ്പിക്സിനുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരുന്ന സമയത്തായിരുന്നു ഞങ്ങളുടെ സന്ദർശനം. ഒളിമ്പിക്സ് സ്റ്റേഡിയത്തിൽ കുറെ സമയം ചെലവഴിച്ചു.




മുന്നൂറിൽ പരം വർഷത്തെ പാരമ്പര്യം മാത്രമേയുള്ളു കൊറിയൻ സഭയ്ക്ക്. ശീഘ്രമായി സഭ അവിടെ വളർന്നുകൊണ്ടിരിക്കുന്നു. മിഷനറിമാരുടെ പ്രവർത്തനത്തിലൂടെയല്ല അവിടുത്തെ സഭയുടെ തുടക്കം, അല്മായ പ്രേക്ഷിതരുടെ പ്രവർത്തന ഫലമായിട്ടാണ്. അനേകർ "രക്തസാക്ഷികളായി ജീവൻ സമർപ്പിച്ചിട്ടുണ്ട്. രക്തസാക്ഷികളുടെ രക്തം വീണ മണ്ണ് ഇന്നു വിളനിലമായി മാറിയിരിക്കുന്നു.

www.malankaralibrary.com



*കൊറിയൻ രക്തസാക്ഷികൾ*

## തായ്‌വാനിൽ

കൊറിയയിൽ നിന്നും തായ്‌വാന്റെ തലസ്ഥാനമായ തായ്പ്പായിലെത്തി. മനിലയിൽ EAPI യിൽ എന്നോടൊപ്പം പഠിച്ച സഹപാഠികൾ എന്നെയും ഫാദർ വർക്കിയേയും സ്വാഗതം ചെയ്തു. ചൈനീസ് വിപ്ലവകാലത്ത് വിഘടിച്ചുനിന്ന ഒരു ചെറിയ സ്വതന്ത്ര രാജ്യമാണ് തായ്‌വാൻ.

## ഹോങ്ങ്കോംഗിൽ

തായ്‌വാനിൽ നിന്നും ഹോങ്ങ്കോംഗിൽ എത്തി. താമസം ജെസ്യൂറ്റ് ഹൗസിൽ. ചൈനയുടെ ഭാഗമായ ഈ ചെറുദ്വീപ്, ഭരണം ബ്രിട്ടിഷ് ഭരണത്തിൻ കീഴിലായിരുന്നു. ഇന്ന് ചൈനയുടെ ഭരണ ത്തിൽ. വലിയ ബിസിനസ് കേന്ദ്രം. വിമാനത്താവളം നിർമ്മിച്ചിരി ക്കുന്നത് കടലിൽ.

## മക്കാബോയിൽ

ഹോങ്ങ്കോംഗിൽ നിന്നും പോർട്ടുഗീസ് അധീനതയിലായി രുന്ന മക്കാബോയിലേക്ക് കപ്പലിൽ യാത്ര ചെയ്തു. വളരെ ചെറിയ ഒരു ദ്വീപ് ഇപ്പോൾ ആ ദ്വീപും ചൈനയുടെ ഭാഗമായി. വി ഫ്രാൻസിസ് സേവ്യർ ഇന്ത്യയിൽ നിന്നും ജപ്പാനിലേക്ക് യാത്രചെ

www.malankaralibrary.com



വി. ഫ്രാൻസിസ് സേവ്യറിന്റെ മൃതദേഹം ആദ്യം അടക്കം ചെയ്ത കബറിടം

യ്യുമ്പോൾ കടലിൽ വെച്ച് മരിച്ചു. അദ്ദേഹത്തിന്റെ മൃതശരീരം ആദ്യം അടക്കം ചെയ്തത് ഈ ദ്വീപിലായിരുന്നു. മൃതദേഹം ഗോവയിലേക്ക് കൊണ്ടുവരുന്നതിലേക്ക് കബറിടം തുറന്നപ്പോൾ അതിന് യാതൊരുകേടും സംഭവിച്ചിരുന്നില്ല. ആ മൃതദേഹം ഗോവയിൽ കൊണ്ടുവരികയും ദേവാലയത്തിൽ വീണ്ടും അടക്കം ചെയ്യുകയും ചെയ്തു. ഇന്നും ആ മൃതദേഹത്തിന് ക്ഷതം സംഭവിച്ചിട്ടില്ല.

## ചൈനാ സന്ദർശനം

ഹോങ്ങ്കോംഗിൽ നിന്നും ചൈനയുടെ തെക്കൻ പ്രോവിൻസ്യായ ഷാങ്ഹായിൽ മൂന്ന് ദിവസത്തെ പര്യടനം നടത്തി. ട്രെയിനിലായിരുന്നു യാത്ര. താമസം ചൈനാ ഹോട്ടലിൽ. ഒരു Conducted tour ആയിരുന്നതുകൊണ്ട് പല സ്ഥലങ്ങളും സന്ദർശിച്ചു. ചൈന ഇന്നും കമ്മ്യൂണിസ്റ്റ് ഭരണത്തിൻ കീഴിൽ ആണെങ്കിലും ദേവാലയങ്ങളൊന്നും നശിപ്പിക്കപ്പെട്ടിട്ടില്ല. ചൈനീസ് ഗവൺമെന്റിന്റെ അംഗീകാരമുള്ള സഭയ്ക്കു മാത്രമേ പരസ്യാരാധന നടത്തുവാൻ അനുവാദമുള്ളു. ചൈനീസ് ഹോട്ടലിൽ നിന്നും രഹസ്യത്തിൽ ഞാനും ഫാദർ വർക്കിയും അടുത്തുള്ള ഒരു ദേവാലയത്തിൽ പോയി വി. കുർബാന നടന്നു കൊണ്ടിരിക്കുകയായിരുന്നു. നാഷണൽ ചർച്ചിന്റെ അധിപനായ ബിഷപ്പുമായി ഞങ്ങൾ സംസാരിച്ചു. ബിഷപ്പ് താമസിച്ചിരുന്ന ഹൗസിലേക്ക് ഞങ്ങളെ

www.malankaralibrary.com



കാൻറ്റോൺ ബിഷപ്പ്

സ്വാഗതം ചെയ്തു. കാപ്പി നൽകി ഞങ്ങളെ സൽക്കരിച്ചു.

ജനങ്ങളുടെ ജീവിത രീതികളെപ്പറ്റി നേരിട്ട് മനസിലാക്കി. ഒരേ രീതിയിലുള്ള വീടുകളിലാണ് ജനങ്ങൾ താമസിക്കുന്നത്. തൊഴിൽശാലകളിലും കൃഷിസ്ഥലങ്ങളിലും ജനങ്ങൾ ജോലി ചെയ്യണം. എല്ലാവർക്കും തുല്യ ശമ്പളം. കുഞ്ഞുങ്ങൾ ജനിച്ചു കഴിഞ്ഞാൽ കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങൾക്ക് അനുസൃതമായി അവരെ ഗവൺമെന്റ് വളർത്തും. അതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. വലുതും ചെറുതുമായ തൊഴിൽ ശാലകൾ ധാരാളം. മിക്കവാറും എല്ലാ ആളുകളും യാത്ര ചെയ്യുന്നത് സൈക്കിളിൽ. ഉൽപന്നങ്ങൾ വിദേശങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നു. ഗുണമേന്മ കുറവെങ്കിലും വിലകുറഞ്ഞതും ആകർഷണീയവുമായ വസ്തുക്കളാണ് ചൈനീസ് സാധനങ്ങൾ. ആധുനിക രീതിയിലുള്ള ആടുമാടുവളർത്തൽ ആരേയും ആകർഷിക്കും.



www.malankaralibrary.com

## മലേഷ്യയിലേക്ക്

ഹോങ്ങ്കോംഗിൽ നിന്നും മലേഷ്യയുടെ തലസ്ഥാനമായ കൊലാലംപൂരിൽ എത്തി. പ്രകൃതി രമണീയതകൊണ്ടും സസ്യലതാദികൾകൊണ്ടും നിറഞ്ഞു നിൽക്കുന്ന നാട്. വൻതോട്ടങ്ങളും കൃഷിയിടങ്ങളും കാണാം. റബർ ഒരു പ്രധാനപ്പെട്ട കൃഷിയാണ്. പാമോയിൽ മരങ്ങളുടെ കൃഷി വൻതോതിൽ നടക്കുന്നു. തടി കയറ്റി അയയ്ക്കുന്ന രാജ്യങ്ങളിൽ മുൻപന്തിയിൽ തന്നെ. ഇന്ത്യൻ വംശജർ ധാരാളം അവിടെ വസിക്കുന്നുണ്ട്.

## സിംഗപ്പൂരിൽ


മലേഷ്യയിൽ നിന്നും സിംഗപൂരിൽ എത്തി. ചെറിയ ഒരു രാജ്യം. ചൈനക്കാരും ഇന്ത്യക്കാരും ധാരാളം. ജനങ്ങൾ തിങ്ങിപ്പാർക്കുന്നുവെങ്കിലും മാലിന്യ വിമുക്തമായ നാട്. സിംഗപ്പൂരിൽ നിന്നും മദ്രാസ് വഴി തിരുവനന്തപുരത്ത് സുഖമായി എത്തി. മനിലയിൽ നിന്നും ആരംഭിച്ച യാത്ര കാര്യമായ പ്രതിസന്ധികൾ ഒന്നുംകൂടാതെ പര്യവസാനിച്ചു. ദൈവത്തിനു സ്തുതി, സ്തോത്രം, നന്ദി.




*ടൈഗർ ബാം ഗാർഡൻ, സിംഗപ്പൂർ*

www.malankaralibrary.com

## 1991 ൽ യൂറോപ്യൻ അമേരിക്ക- കാനഡ യാത്ര : മൂന്നാമത്തെ പര്യടനം



*Grand Saint Bernard*

1991-ൽ തിരുവനന്തപുരം, കൊളംബോ, അബുദാബി വഴി സ്വിറ്റ്സർലണ്ടിലെ സൂറിച്ചിൽ ഇറങ്ങി. എന്റെ സ്നേഹിത Rosmaria fas നോടൊപ്പം സ്വിറ്റസർലാണ്ടിന്റെ കുറെ ഭാഗങ്ങൾ കൂടി കണ്ടതിനുശേഷം അമേരിക്കയിൽ ഡിട്രോയിറ്റിയിൽ എത്തി. താമസം മഡോണ യൂണിവേഴ്സിറ്റി ഗസ്റ്റ്ഹൗസിൽ. സിസ്റ്റർ ഫ്രാൻസിലിന്റെ കുടുംബാംഗങ്ങളോടൊപ്പം കെന്റക്കി സന്ദർശിച്ചു. അവിടെ മൂന്നു ദിവസം താമസിച്ചു. അവിടെ നിന്നും തിരിച്ചെത്തിയ ശേഷം OHIO സ്റ്റേറ്റിലുള്ള CLEVELAND ൽ പോയി. ഞാൻ ഒരു വൈദികനാകാൻ സെമിനാരിയിലായിരിക്കുന്ന കാലം മുതൽ എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും സാമ്പത്തികമായി സഹായിക്കുകയും ചെയ്ത മാത്യു & ആൻ ദമ്പതികളുടെ ഭവനത്തിൽ ഒരാഴ്ചക്കാലം



*Mathew & Ann*

www.malankaralibrary.com



*Robert & Gerald*

താമസിച്ചു. പ്രായാധിക്യത്തിലായിരിക്കുന്ന അവർ ഇന്നും ജീവിക്കുന്നു. തമ്പുരാൻ അവർക്ക് നല്ല ആരോഗ്യം നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ലണ്ടൻ നഗരത്തിൽ താമസിക്കുന്ന Robert & Gerald ദമ്പതികളുടെ ക്ഷണപ്രകാരം കാനഡയിൽ രണ്ടു പ്രാവശ്യം താമസിച്ചു. ഇന്നും അവർ ജീവിച്ചിരിക്കുന്നു. തുടർന്നുള്ള എന്റെ യാത്ര ന്യൂയോർക്ക് ബോസ്റ്റൺ വഴി കാനഡായിലുള്ള പ്രിൻസ് എഡ്വേർഡ് ഐലൻഡിലേക്ക് ആയിരുന്നു. അവിടെ എന്നെ സ്വീകരിച്ചത് എന്റെ ഒരു Benefactress Helen Murphy യും കുടുംബവും ആയിരുന്നു. താമസം Souris ലുള്ള അവരുടെ ഭവനത്തിൽ. ഒരാഴ്ചത്തെ താമസത്തിനു ശേഷം ന്യൂയോർക്ക്, വഴി തിരുവനന്തപുരത്ത് എത്തി.



*Helen Murphy & family*

www.malankaralibrary.com

## നാലാമത്തെ പര്യടനം



ഭക്തജനങ്ങളെ ആശീർവദിക്കുന്ന മാർപ്പാപ്പ

ഞാൻ പുത്തൂർ ഇടവകയിൽ വികാരിയായിരിക്കുമ്പോഴാണ് എന്റെ നാലാമത്തെ വിദേശയാത്ര.തിരുവനന്തപുരം ബോംബെ-റോം വഴി സൂറിച്ചിയിൽ എത്തി. അവിടെ എന്നെ സ്വീകരിച്ചത് എന്റെ സ്നേഹിത Rosmarie fas. താമസം ക്രമീകരിച്ചിരുന്നത് Pension St. Joseph ൽ. സ്വിറ്റ് സർലണ്ടിലെ ഏറ്റവും ഉയരം കൂടിയ പർവ്വത പ്രദേശം ഞാൻ സന്ദർശിച്ചു. ആറു ദിവസം സ്വിറ്റ്സർലണ്ടിൽ താമസിച്ചു. തുടർന്നുള്ള യാത്ര റോമിലേക്ക്. താമസം ഫെലിഷ്യൻ സിസ്റ്റേഴ്സിന്റെ ജനറലേറ്റ് ഭവനത്തിൽ. റോമിൽ പഠിച്ചുകൊണ്ടിരുന്ന സി.വിജയ SIC, ലിസ്യു SIC, ആർദ്ര SIC എന്നിവരെ വത്തിക്കാ



കൊളോസിയം

www.malankaralibrary.com



*വത്തിക്കാന്റെ മുമ്പിൽ*

നിൽവെച്ച് കണ്ടുമുട്ടി. അവരുടെ സഹായത്തോടെ വത്തിക്കാൻ മ്യൂസിയം, വത്തിക്കാൻ റേഡിയോ, കൊളോസിയം, ആംബി തിയേറ്റർ, സെന്റ് പോൾസ് ബസിലിക്ക ഇവ സന്ദർശിച്ചു.

ജൂൺ 28 ന് വി. പത്രോസ് പൗലോസ് ശ്ലീഹമാരുടെ തിരുനാളിന്റെ തലേ ദിവസം പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ, കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസ് ബർത്തലോമിയയുടെ



*ജോൺ പോൾ രണ്ടാമൻ കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസ് ബർത്തലോമിയയോടൊപ്പം*

www.malankaralibrary.com

സാന്നിദ്ധ്യത്തിൽ എക്യുമെനിസത്തെപ്പറ്റി നടത്തിയ പ്രസംഗം ശ്രവിച്ചു. അടുത്ത ദിവസം ജൂൺ 29 ന് പാത്രിയർക്കീസിന്റെ സാന്നിദ്ധ്യത്തിൽ മാർപ്പാപ്പ അർപ്പിച്ച വി. കുർബാനയിൽ പങ്കെടുത്തു. വി. കുർബാന മദ്ധ്യേ വചന സന്ദേശം നൽകിയത് പാത്രിയാർക്കീസായിരുന്നു. 30 ആർച്ച് ബിഷപ്പുമാർക്ക് മാർപ്പാപ്പ പാലിയം നൽകിയതിന് ഞാൻ സാക്ഷിയായി.



*വി.പത്രോസിന്റെ കബറിടം*

ജൂൺ 30 ന് രാവിലെ 7.30 ന് വത്തിക്കാൻ ബസിലിക്കായിൽ ഞാൻ വി. കുർബാനയർപ്പിച്ചു. വി. കുർബാനയർപ്പണത്തിന് എന്നെ സഹായിച്ചത് വത്തിക്കാൻ റേഡിയോയിൽ ജോലി ചെയ്യുന്ന ഇളപ്പുപാറ ഇടവകാംഗമായ കോശി പാറപ്പാട്ട് ആയിരുന്നു. അതിനു ശേഷം Catacombs സന്ദർശിച്ചു.

ജൂലൈ 1-ാം തീയതി റോമിൽ നിന്നും അമേരിക്കയിലെ ന്യൂയോർക്കിലേക്ക് വിമാനമാർഗ്ഗം യാത്ര തിരിച്ചു. റോം ന്യൂയോർക്ക് ദൂരം 6898 കിലോമീറ്റർ സമയം 8 മണിക്കൂർ 27 മിനിറ്റ്. വിമാനം പറന്നത് 31000 അടി ഉയരത്തിൽ ന്യൂയോർക്കിൽ നിന്നും Detroit ലേക്ക് വിമാനതാവളത്തിൽ എന്നെ സ്വീകരിച്ചത് സി. ഫ്രാൻസിലിൻ. അവിടുത്തെ താമസ സമയത്ത് സീനിയർ ക്ലേർജി വില്ലേജ് (Senior Clergy Village ) St. Mary's Child care Centre, St. Mary's Hospital, Missionaries of Charity Sister's House, Iris Hills ഇവ സന്ദർശിച്ചു.

www.malankaralibrary.com

ജൂലൈ 20 ന് ഡിട്രോയിറ്റിൽ നിന്നും കാനഡയിലെ ഒട്ടോവായിലേക്ക്. അവിടെ എന്നെ സ്വീകരിച്ചത് മംഗലാപുരം മേജർ സെമിനാരിയിൽ എന്റെ സഹപാഠിയായിരുന്ന ഫാദർ അഗസ്റ്റിൻ. താമസിച്ചത് സെന്റ് പോൾസ് സെമിനാരിയിലും നാലു ദിവസത്തെ താമസത്തിനു ശേഷം പ്രിൻസ് എഡ്‌വേഡ് ഐലണ്ടിലേക്ക് പോയി. അവിടെ ഹെലൻ മേർഫിയുടെ കുടുംബാംഗങ്ങളോടൊപ്പം താമസിച്ചു. ആഗസ്റ്റ് 31-ാം തീയതി അവിടെ നിന്നും തിരിച്ച് അമേരിക്കയിലെ ന്യൂ ആർക്ക് വിമാനത്താവളത്തിൽ ഇറങ്ങി. എന്നെ അവിടെ സ്വീകരിച്ചത് പെരുമല കുടുംബാംഗം രാജൻ ആയിരുന്നു.

5-ാം തീയതി രാവിലെ ന്യൂയോർക്കിൽ നിന്നും ഫിലാഡെൽഫിയായിലേക്കും, അവിടെ നിന്നും ഫാ. ഗീവർഗീസ് മണ്ണിക്കരോട്ട്, ഫാ. ജോൺ കല്ലൂർ എന്നിവരോടൊപ്പം ഫ്ളോറിഡയ്ക്കും പോയി. ഫ്ളോറിഡയിൽ താമസം, Best western hotel ൽ ഫ്ളോറിഡയിൽ ആയിരിക്കുമ്പോൾ യൂണിവേഴ്സൽ സ്റ്റുഡിയോ, എം. ജി. എം. സ്റ്റുഡിയോ, മാജിക് കിംഗ്ഡം, എന്നിവ സന്ദർശിച്ചു. ഫ്ളോറിഡയിൽ നിന്നും ഫിലാഡൽഫിയായിലേക്കും അവിടെ നിന്നും ന്യൂയോർക്കിലേക്കും. ന്യൂയോർക്കിൽ ആയിരിക്കുമ്പോൾ താമസിച്ചിരുന്നത് ഫാ. മണ്ണിക്കരോട്ടിനോടൊപ്പം. Yonkrs, sattan island എന്നിവ സന്ദർശിച്ചു. ആഗസ്റ്റ് 18-ാം തീയതി ന്യൂയോർക്ക് വിമാനത്താവളത്തിൽ നിന്നും യാത്ര തിരിച്ച് റോം വഴി ബോംബെയിൽ എത്തി.



*ഫ്ളോറിഡയിലെ ഡിസ്നി എം.ജി.എം. സ്റ്റുഡിയോയുടെ മുമ്പിൽ*

www.malankaralibrary.com


## അഞ്ചാമത്തെ പര്യടനം - 2000 ൽ

1997-2001 കാലഘട്ടത്തിൽ പുലിയൂർ, പാണ്ടനാട്, ചെറിയനാട് ഇടവകകളുടെ വികാരിയായിരിക്കുമ്പോൾ ആണ് എന്റെ 5-ാമത്തെ വിദേശയാത്ര. തിരുവനന്തപുരം, ബോംബെ, സ്വിറ്റസർലാണ്ടിലെ സൂറിച്ച് വഴി അമേരിക്കയിലെ ഡിട്രോയിറ്റിലെത്തി. താമസം മഡോണ യൂണിവേഴ്സിറ്റിയിൽ.

രണ്ടായിരാമാണ്ടിൽ ദൈവപുത്രനായ, രക്ഷകനായ യേശുവിന്റെ ജനനത്തിന്റെ ജൂബിലി വർഷത്തിൽ, അമേരിക്കയിൽ നിന്നും തിരിച്ചുവരുന്ന വേളയിൽ, റോമിലിറങ്ങി. ഇപ്രാവശ്യം റോമിൽ താമസിച്ചിരുന്നത് നോട്ടർ ഡാം സിസ്റ്റേഴ്സിന്റെ ജനറലേറ്റ് ഹൗസിലായിരുന്നു. സെന്റ് പീറ്റേഴ്സ് ബസിലിക്കായിൽ നടന്ന ചടങ്ങുകളിൽ സംബന്ധിച്ചു. മാർപ്പാപ്പ അർപ്പിച്ച വി. കുർബാനയിൽ പങ്കെടുത്തു. റോമിൽ നിന്നും ദുബായി വഴി തിവനന്തപുരത്ത് തിരിച്ചെത്തി.

## ആറാം വിദേശയാത്ര- ഗൾഫ് യാത്ര - 2010 ഒക്ടോബർ 6 - 16

എന്റെ നാല് യൂറോപ്യൻ, അമേരിക്കൻ യാത്രകളിൽ ഗൾഫ് രാജ്യങ്ങളിലെ ദുബായ്, അബുദാബി, കുവൈറ്റ് വിമാന താവളത്തിൽ ഇറങ്ങിയെങ്കിലും ഒരിടത്തും താമസിച്ചിട്ടില്ല 2010 ഒക്ടോബർ 5 മുതൽ 16 വരെ തീയിതികളിൽ യു എ ഇ സന്ദർശിക്കാനുള്ള ഒരു സുവർണ്ണാവസരം ലഭിച്ചു. ഏഴു ദ്വീപുകൾ ഉൾക്കൊള്ളുന്നതാണ് യു. എ. ഇ. അവിടെ ഞാൻ താമസിച്ചിരുന്നത് ഷാർജ ദ്വീപിലായിരുന്നു. അവിടേക്ക് എന്നെ ക്ഷണിച്ചത് പെരുമല കുടുംബത്തിലെ തോമസ് പെരുമല വല്യച്ചന്റെ കൊച്ചു



Infront of Al-Ain Jebel hafeet
(1249 meter height)

www.malankaralibrary.com



Al-Ain Fountain




Infront of BURJ KHALIFA

മകൾ മേരിക്കുട്ടിയുടെ കുടുംബം. സുഖകരമായ താമസത്തിനും പ്രാധാനപ്പെട്ട സ്ഥലങ്ങൾ സന്ദർശിക്കുന്നതിനും ആവശ്യമായിട്ടുള്ള എല്ലാ സൗകര്യങ്ങളും ക്രമപ്പെടുത്തി തരികയുണ്ടായി. ഷാർജയിലുള്ള സെന്റ് മൈക്കിൾസ് ദേവാലയത്തിൽ പോയി വി കുർബാന അർപ്പിക്കുവാൻ അവസരം ലഭിച്ചതിൽ സന്തോഷമുണ്ട്. മലങ്കര കത്തോലിക്കാ സമൂഹത്തിലെ അംഗങ്ങളുടെ

www.malankaralibrary.com

ആത്മീയ കാര്യങ്ങൾ നിറവേറ്റി കൊടുക്കുന്നത് ബഹു ഫാ. പീറ്റർ കടമാൻകുളം ഒ. ഐ. സി. യാണ്.




യു.എ.ഇ. ഭരണാധികാരിയുടെ കൊട്ടാരത്തിൽ

പെരുമല കുടുംബവുമായി ബന്ധപ്പെട്ടവരെയും ഞാൻ ഇപ്പോൾ ജോലി ചെയ്യുന്ന വള്ളിക്കോട് കോട്ടയം ഇടവകക്കാരെയും കാണുവാനും അവരെ സന്ദർശിക്കുവാനും സാധിച്ചു.

ലോകത്തിലെ ഏറ്റവും ഉയരം കൂടിയ ടവർ BURJ KHALIFA യുടെ ടോപ്പിൽ എത്തുന്നതിനുള്ള അസുലഭാവസരം ലഭിച്ചു. ടവർ കണ്ടിരിക്കേണ്ടതായ ഒരു കാഴ്ച തന്നെയാണ്. ടവറിന്റെ ഉള്ളിൽ അനേകായിരം മത്സ്യങ്ങൾ ഉൾക്കൊള്ളുന്ന അക്വേറിയവും മറ്റൊരുഭാഗത്ത് നയാഗ്രാവെള്ളച്ചാട്ടംപോലെയുള്ള വെള്ളച്ചാട്ടവും ആരെയും ആകർഷിക്കുന്ന കാഴ്ചയാണ്.

യു. എ. ഇ. ഒരു മരുപ്രദേശമാണെങ്കിലും എല്ലാ തലങ്ങ



Al-Ain Gardens

www.malankaralibrary.com



In U.A.E


ളിലും വികസനം എത്തിക്കഴിഞ്ഞു. പടുകൂറ്റൻ കെട്ടിടങ്ങൾ, ഫ്ളാറ്റുകൾ, ഷോപ്പിങ് കോംപ്ലക്സുകൾ, പാർക്കുകൾ എന്നിവ എവിടേയും ദൃശ്യമാണ്. റോഡുവികസനത്തിൽ മുൻപന്തിയിൽ പത്തും പന്ത്രണ്ടും ലൈനുകൾ ഉള്ള റോഡുകൾ, ആധുനിക ട്രാഫിക് സംവിധാനങ്ങൾ, പാർക്കിംഗ് സൗകര്യങ്ങൾ, സിഗ്നൽ സിസ്റ്റം, എന്നിവയുണ്ട്. റോഡുകൾ മുഴുവൻ വാഹനങ്ങൾ. ഷാർജയിൽ നിന്നും ആഗസ്റ്റ് 16-ാം തീയതി എയർ ഷാർജ വിമാനത്തിൽ തിരുവനന്തപുരത്ത് എത്തി.



മേരിക്കുട്ടിയുടെ കുടുംബവും പി.എസ്. ജോണിന്റെ കുടുംബവും

www.malankaralibrary.com

## തദ്ദേശീയ യാത്രകൾ



ഫാ. തോമസ് പൊന്മേലിനോടൊപ്പം താജ്മഹലിനു മുമ്പിൽ

വിദേശരാജ്യങ്ങൾ സന്ദർശിക്കാൻ സാധിച്ചതുപോലെ തന്നെ ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിൽ പോകാനും സന്ദർശനം നടത്താനും എനിക്കു കഴിഞ്ഞു.

1973 ൽ ബാംഗ്ളൂരിൽ പോയി താമസിച്ചു. 1983 മദ്രാസ്, കൽക്കട്ട, ന്യൂ ജാൽപാൽഗുരി, ബിനാഗുരി, ഭൂട്ടാൻ, ഡാർജിലിംഗ്, പാറ്റ്ന, ജമ്മുകാഷ്മീർ, ഡൽഹി, ഭോപ്പാൽ, നാഗ്പൂർ, ചന്ദ്രാപ്പൂർ, ചെന്നൈ എന്നീ സ്ഥലങ്ങളിൽ പോകാൻ കഴിഞ്ഞു.

1984 ൽ ഡൽഹി, ഹരിയാന, പഞ്ചാബ്, സിംല, ഡറാഡൂൺ, ഹരിദ്വാർ, ഋഷികേശ്, ബോംബെ എന്നീ സ്ഥലങ്ങളിൽ പോയി താമസിച്ചു.

പാറ്റ്ന, അയോദ്ധ്യാ, റാഞ്ചി, മൂസ് ഗഡ്ട്രി, ബിലാസ്പൂർ എന്നിവിടങ്ങളിലും പോകാൻ കഴിഞ്ഞു.

അനേകം പുണ്യസ്ഥലങ്ങളിൽ വി. കുർബാനയർപ്പിക്കാൻ എനിക്കു സാധിച്ചത് ഭാഗ്യവും ദൈവകൃപയുമായി ഞാൻ വിശ്വസിക്കുന്നു.

## യാത്രാനുഭവങ്ങൾ

നാലു പ്രാവശ്യം അമേരിക്കയും രണ്ടു പ്രാവശ്യം കാനഡയും ഒരു പ്രാവശ്യം കിഴക്കൻ ഏഷ്യൻ രാജ്യങ്ങളും ഒരു പ്രാവശ്യം ഗൾഫ് രാജ്യങ്ങളും സന്ദർശിക്കുവാൻ എനിക്കു ഭാഗ്യം സിദ്ധിച്ചു.

www.malankaralibrary.com

യാത്രകളെല്ലാം സുഖകരവും സന്തോഷകരവുമായിരുന്നു. വിവിധ രാജ്യങ്ങളിലേയും സമൂഹങ്ങളിലേയും ജീവിതചര്യകളും സാമൂഹിക പ്രശ്നങ്ങളും നേരിട്ടു മനസിലാക്കാൻ കഴിഞ്ഞു.

എന്റെ യാത്രയ്ക്ക് മുൻകൂട്ടിയുള്ള കാര്യമായ ഒരുക്കങ്ങൾ ഉണ്ടായിരുന്നില്ല. വേണ്ടതെല്ലാം വേണ്ട സമയത്ത് തമ്പുരാൻ തന്നെ ഒരുക്കിത്തന്നു. പാസ്പോർട്ടും വിസയും ടിക്കറ്റുകളുമൊക്കെ തടസം കൂടാതെ ലഭ്യമായി. പോകുന്നിടത്തൊക്കെ താമസ സൗകര്യങ്ങളും ഭക്ഷണവും യാത്രാസൗകര്യങ്ങളും യഥാസമയം തയ്യാറായിരുന്നു. സഹായത്തിനായി അനേകർ സ്വമേധയാ കാത്തു നിന്നു.

എനിക്കു സഹായം നൽകിയവരിൽ പലരുമായും മുൻപരിചയമോ ബന്ധമോ ഉണ്ടായിരുന്നില്ല. എന്നാൽ പിന്നീടവയൊക്കെ നല്ല സുഹൃദ്ബന്ധത്തിന് അവസരമൊരുക്കി. അവരിൽ ചിലരൊക്കെ നിത്യ വിശ്രമത്തിനായി പോയെങ്കിലും പലരുമായും ഇന്നും നല്ല ബന്ധം പുലർത്തുന്നു.

യാത്രകളിൽ പലവിധത്തിലുള്ള തടസ്സങ്ങൾ സ്വാഭാവികമാണ്. വാഹനങ്ങൾ താമസിച്ചു പുറപ്പെടുന്നതും, സർവ്വീസ് റദ്ദു ചെയ്യപ്പെടുന്നതും, ട്രാഫിക് ജാമുകളിൽപ്പെട്ടു പോകുന്നതും അപകടങ്ങൾ ഉണ്ടാവുന്നതുമെല്ലാം സാധാരണ സംഭവങ്ങളാണ്. ഇത്തരം സംഭവങ്ങളൊക്കെ എന്റെ യാത്രയിലും ഉണ്ടായിട്ടുണ്ടെങ്കിലും ദൈവ കൃപയാൽ അവയൊക്കെ അഭിമുഖീകരിക്കുവാനും അതിജീവിക്കുവാനും എനിക്കു കഴിഞ്ഞു.

## ഒരു അവിസ്മരണീയ സംഭവം - മനിലയിലെ ജനകീയ വിപ്ലവം

1986 ൽ ഞാൻ മനിലയിൽ ആയിരുന്നയവസരത്തിൽ അവിടെയൊരു ജനകീയ വിപ്ലവം നടന്നു. പൂർവേഷ്യൻ രാജ്യമായ ഫിലിപ്പൈൻസ് ചെറുതും വലുതുമായ അനേകം ദ്വീപുകൾ ഉൾപ്പെടുന്ന രാഷ്ട്രമാണ്. ജനസംഖ്യയിൽ ഭൂരിഭാഗവും കത്തോ




*വധിക്കപ്പെട്ട അകിനോയുടെ ചിത്രത്തിനു മുമ്പിൽ*

www.malankaralibrary.com



കോറി അകിനോ

ലിക്കർ. സ്വാതന്ത്ര്യരാജ്യമാണെങ്കിലും അമേരിക്കൻ ഐക്യനാടുകളുടെ നിയന്ത്രണത്തിലാണ്. അമേരിക്കയുടെ സൈനികക്യാമ്പുകൾ ഇന്നും ഫിലിപ്പൈൻസിലുണ്ട്.

20 വർഷക്കാലം ഫിലിപ്പൈൻസിനെ ഭരിച്ചിരുന്നത് പ്രസിഡന്റ് മാർക്കോസും ഭാര്യ ഇമൽഡയുമായിരുന്നു. സ്വേച്ഛാധിപത്യം അരക്കിട്ടുറപ്പിച്ച ഭരണത്തിൽ പ്രതിപക്ഷനേതാവായിരുന്ന അകിനോ അമേരിക്കയിലേക്ക് നാടുകടത്തപ്പെട്ടു. ദീർഘനാളത്തെ വിദേശവാസത്തിനൊടുവിൽ നാട്ടിലേക്കു തിരിച്ചെത്തിയ അകിനോ വിമാനത്താവളത്തിൽവച്ച് വെടിയേറ്റു കൊല്ലപ്പെട്ടു. ഇതേ തുടർന്ന് മാർക്കോസിന്റേയും ഇമൽഡയുടേയും കിരാതഭരണത്തിൽ സഹികെട്ട ജനങ്ങൾ ഒരു ജനകീയ വിപ്ലവം ആരംഭിച്ചു. നേതൃത്വം നൽകിയത് വധിക്കപ്പെട്ട അകിനോയുടെ ഭാര്യ കോറിയായിരുന്നു. കത്തോലിക്കസഭാനേതൃത്വം വിപ്ലവത്തെ പിന്തുണച്ചു.



മനിലയിലെ ജനകീയ വിപ്ലവം

www.malankaralibrary.com



*പരിശുദ്ധ മാതാവിന്റെ തിരുസ്വരൂപം വഹിച്ചുകൊണ്ട് മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്ന ജനസമൂഹം*

മനില നഗരത്തിലേയും സമീപ പ്രദേശങ്ങളിലേയും ജനങ്ങൾ കൂട്ടമായി തെരുവിലേക്കിറങ്ങി. പള്ളികളിൽ നിന്നും വീടുകളിൽ നിന്നും തിരുസ്വരൂപങ്ങൾ വഹിച്ചുകൊണ്ടാണവർ റോഡുകളിൽ നിരന്നത്. അവർ പ്രാർത്ഥനകൾ ചൊല്ലി. ഗാനങ്ങൾ ആലപിച്ചു. രാവും പകലും പൊതുനിരത്തുകളിൽ പ്രാർത്ഥനാനിരതരായി കഴിഞ്ഞുകൂടി. ***പരിശുദ്ധ അമ്മയോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനകളായിരുന്നു അന്തരീക്ഷം നിറയെ.*** ജനങ്ങൾക്കുംചുറ്റും സായുധസേന കാവൽ. ആകാശത്തിലൂടെ യുദ്ധ വിമാനങ്ങൾ ഇരമ്പി പറന്നു. ഏതു നിമിഷവും എന്തും സംഭവിക്കാമെന്ന സ്ഥിതി. അക്രമം ജനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായില്ലെങ്കിലും സാധാരണ പ്രവർത്തനങ്ങൾ സ്തംഭിക്കുകയും നിരത്തുകളിൽ ഗതാഗതം നിശ്ചലമാകുകയും ചെയ്തു. സർക്കാർ പ്രവർത്തനങ്ങളും നിശ്ചലമായ സ്ഥിതി. സർക്കാർ ഭാഗത്തു നിന്നും ബലപ്രയോഗം സംഭവിക്കാവുന്ന അവസ്ഥ. എന്നാൽ ഒരു നടപടിയും എടുക്കാൻ മാർക്കോസിന്റെ നാവു ചലിച്ചില്ല.

മൂന്നാം ദിവസം രാത്രിയിൽ അമേരിക്കൻ നാവികസേനയുടെ ചെറിയ വിമാനങ്ങൾ മാർക്കോസിന്റെ കൊട്ടാരമായ "ജലകന്യാ" പാലസിന്റെ കാമ്പസിൽ ഇറങ്ങി. മാർക്കോസിനേയും ഭാര്യയേയും രക്ഷപ്പെടുത്തി ഹവായ് ദ്വീപിലേക്കു കൊണ്ടുപോയി. അതോടെ ജനകീയ വിപ്ലവം അവസാനിച്ചു. ക്വോറി അകിനോയുടെ നേതൃ

www.malankaralibrary.com

ത്വത്തിൽ ഭരണം പുനഃസ്ഥാപിക്കപ്പെട്ടു. ദൈവാശ്രയത്തിലൂടെ, പ്രാർത്ഥനാ ശക്തിയിലൂടെ ഒരു ജനതയെ ദൈവം രക്ഷിച്ചു. പ്രാർത്ഥനയുടെ ശക്തിയാണ് ഈ വിപ്ലവത്തിൽ വെളിവാക്കപ്പെട്ടത്.

മനില നഗരത്തിൽ നടന്ന ഈ ജനകീയ വിപ്ലവത്തിൽ നേരിട്ടു പങ്കെടുക്കരുതെന്ന് വിദേശികൾക്ക് നിർദ്ദേശം ഉണ്ടായിരുന്നു എങ്കിലും മൂന്നു ദിവസവും ജനങ്ങളോടൊപ്പം ചെലവഴിക്കാനും അസാധാരണമായ ഈ സംഭവത്തിനു സാക്ഷിയാകാനും എനിക്കു സാധിച്ചു. അവിസ്മരണീയമായ ഈ ചരിത്രസംഭവം എന്റെ മനസിൽ ഇന്നും തങ്ങി നിൽക്കുന്നു.

## രണ്ടാമത്തെ അനുഭവം

പ്രിൻസ് എഡ്വേർഡ് ഐലൻഡിൽ നിന്നും (കാനഡ) ന്യൂയോർക്കിലേക്കുള്ള യാത്രാമദ്ധ്യേ ബോസ്റ്റൺ വിമാനത്താവളത്തിൽ മൂന്നു മണിക്കൂർ ഇടവേള. വിമാനത്താവളത്തിനു സമീപം താമസിക്കുന്ന ഒരാൾ എന്നെ ഭവനത്തിലേക്ക് കൂട്ടികൊണ്ടുപോയി. തിരികെ വിമാനത്താവളത്തിലേക്ക് വരുമ്പോൾ റോഡിൽ ട്രാഫിക്ക് തടസം. എന്തു ചെയ്യണമെന്ന് ഒരു രൂപവുമില്ല. ഞാൻ കാറിലിരുന്ന് ജപമാല ചൊല്ലാനാരംഭിച്ചു. പരിശുദ്ധ അമ്മയോട് മുട്ടിപ്പായി പ്രാർത്ഥിച്ചു.

മിനിട്ടുകൾ പറന്നകന്നു - വഴിതടസ്സം മാറിയില്ല. വിമാനം പറന്നുയരാനുള്ള സമയം കഴിഞ്ഞു. എന്നെ പ്രതീക്ഷിച്ച് ഒരാൾ ന്യൂയോർക്ക് വിമാനത്താവളത്തിൽ കാത്തിരുന്നു. വിവരം അറിയിക്കാൻ മാർഗ്ഗമില്ല. മൊബൈൽ ഫോൺ വ്യാപകമായിരുന്നില്ല.

തടസ്സം മാറി, വിമാനത്താവളത്തിൽ ഓടിക്കിതച്ചെത്തിയ എനിക്കു ലഭിച്ച സന്ദേശം, കാതുകൾക്കു കുളിർമയായി. അരമണിക്കൂർ താമസിച്ചേ ഇന്നു വിമാനം പുറപ്പെടുകയുള്ളൂ, ടിക്കറ്റ് ഓക്കെയാക്കി വിമാനത്താവളത്തിനടുത്തേക്ക് ചെന്നപ്പോൾ പുറപ്പെടാനുള്ള സമയമായിരുന്നു. ഇന്നും ഞാൻ വിശ്വസിക്കുന്നു, എന്റെ യാത്രയ്ക്ക് തടസ്സം വരാതിരിക്കാനായി വിമാനം വൈകിക്കാൻ ദൈവം പ്രവർത്തിച്ചുവെന്ന്.

## മൂന്നാമത്തെ അനുഭവം

ജമ്മുവിൽ നിന്നും ശ്രീ നഗറിലേക്ക് ഒരു ടാക്സിയിൽ എന്റെ സുഹൃത്തായ ഫാ. തോമസ് പൊന്മേലിനോടൊപ്പം യാത്ര ചെയ്യു


www.malankaralibrary.com

കയായിരുന്നു. ഹിമാലയൻ പർവ്വത നിരകളിലൂടെയുള്ള യാത്ര ആവേശകരവും അതേ സമയം ദുർഘടവുമായിരുന്നു. പർവ്വത നിരകളിലെ ഹിമപാതവും മണ്ണിടിച്ചിലും മൂലം ഞങ്ങളുടെ യാത്ര തടസ്സപ്പെട്ടു. ഉച്ചകഴിഞ്ഞ് മൂന്നു മണിമുതൽ അടുത്ത ദിവസം ഉച്ചയ്ക്ക് മൂന്നു മണിവരെ കാറിൽ തന്നെ ഇരിക്കേണ്ടിവന്നു. കൊടും തണുപ്പിൽ വിജനമായ പ്രദേശത്ത് കുടിവെള്ളമോ, ഭക്ഷണമോ ഇല്ലാതെ ഒരു ദിവസം പൂർണ്ണമായി കഴിച്ചു കൂട്ടിയതിനെപ്പറ്റി ഇന്നു ചിന്തിക്കാൻ കൂടി വയ്യ. ഒരപകടവും കൂടാതെ തമ്പുരാൻ തന്റെ ഉള്ളം കയ്യിൽ കാത്തു സൂക്ഷിച്ചുവെന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

## എന്നെ സ്വാധീനിച്ചിട്ടുള്ള വിശുദ്ധരും വ്യക്തികളും

### ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് തിരുമേനി

ഞാൻ സെമിനാരിയിൽ ചേരുമ്പോൾ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയായിരുന്നു തിരുവനന്തപുരം അതി



www.malankaralibrary.com

രൂപതയുടെ ആർച്ച് ബിഷപ്പ്. 1966 ഡിസംബർ 3 ന് പട്ടം സെന്റ്മേരീസ് കത്തീഡ്രൽ ദേവാലയത്തിൽ വെച്ച് അഭിവന്ദ്യപിതാവ് തന്നെയാണ് എനിക്കു വൈദികപട്ടം നൽകിയതും. അതിനാൽ എന്റെ വൈദിക ജീവിതം മുഴുവനും അഭിവന്ദ്യപിതാവിനോട് കടപ്പെട്ടിരിക്കുന്നു.

1953 ൽ ഗ്രിഗോറിയസ് തിരുമേനി സഹായ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. 1995 ൽ മാർ ഈവാനിയോസ് തിരുമേനിയുടെ പിൻഗാമിയായി 41 വർഷം മലങ്കരസഭയെ നയിച്ചു. 1994 ൽ വന്ദ്യ പിതാവ് നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു.

മലങ്കര സഭ വളരുകയും വികസിക്കുകയും ചെയ്ത കാലഘട്ടമായിരുന്നു. ഗ്രിഗോറിയോസ് തിരുമേനിയുടെ സഭാഭരണ കാലം. ബഥനിസന്യാസ സമൂഹത്തിലെ അംഗമെന്ന നിലയിൽ പൂർണ്ണമായ തപശ്ചര്യയും ആദ്ധ്യാത്മികതയും പ്രാർത്ഥനാജീവിതവും അദ്ദേഹത്തിനുണ്ടായിരുന്നു. സാമൂഹ്യസേവനം, വിദ്യാഭ്യാസം, കൃഷി മുതലായ രംഗങ്ങളിൽ മഹത്തായ സംഭാവനകൾ നൽകി. എക്യുമെനിക്കൽ പ്രസ്ഥാനം ഇതര മതങ്ങളുമായുള്ള സംവാദം മുതലായവയിൽ പ്രമുഖ സ്ഥാനം വഹിച്ചിരുന്നു.

വിവിധ വിഷയങ്ങളിൽ പിതാവിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വിവിധ സർക്കാരുകൾ മാനിച്ചിരുന്നു. നാനാ ജാതി മതസ്ഥർ അദ്ദേഹത്തെ ബഹുമാനിച്ചിരുന്നു.

പിതാവിന് അറിവില്ലാത്ത ഒരു വിഷയവും ഉണ്ടായിരുന്നില്ല. ജ്യോതിശാസ്ത്രം, ധനതത്വശാസ്ത്രം, ചരിത്രം മുതലായവയിൽ അവഗാഹമായ പാണ്ഡിത്യം ഉണ്ടായിരുന്നു.

അവയെക്കാൾ അദ്ദേഹം മലങ്കരസഭയ്ക്കും മാനവരാശിക്കും നൽകിയ ആദ്ധ്യാത്മിക പ്രചോദനമായിരുന്നു ഏറ്റവും വലുത്. ഞാൻ ആയിരിക്കുന്ന നിലയിൽ ഒരു വൈദികനാകാൻ - വിവധ മേഖലകളിൽ പ്രവർത്തിക്കുവാൻ എന്നെ പ്രോത്സാഹിപ്പിച്ചിട്ടുള്ളതും അതിനുവേണ്ടി പ്രേരണകൾ നൽകിയതും അഭിവന്ദ്യ പിതാവായിരുന്നു.

8 വർഷം തിരുവനന്തപുരം അതിരൂപതാ പ്രൊക്കുറേറ്ററായും 4 വർഷം മതബോധന ഡയറക്ടറായും സേവനം ചെയ്യുവാൻ എനിക്കു സാധിച്ചത് അഭിവന്ദ്യ പിതാവിന്റെ സഹായവും പിന്തുണയും മൂലമാണ്.

www.malankaralibrary.com

## മദർ തെരേസ

'വിശുദ്ധ'യെന്ന് ജീവിച്ചിരിക്കുമ്പോൾ തന്നെ ലോകം അംഗീകരിച്ച വ്യക്തിയാണ് മദർ തെരേസ.

രോഗികളിലും, പരിത്യക്തരിലും, അശരണരിലും, ആലംബഹീനരിലും യേശുവിനെ ദർശിച്ച് അവരുടെയിടയിലേക്കിറങ്ങിച്ചെന്ന് അവരെ ശുശ്രൂഷിക്കുകയെന്നുള്ളതായിരുന്നു മദറിന്റെ ജീവിതം. മദറിനെ നാലു പ്രാവശ്യം നേരിട്ടു കാണുന്നതിനും സംസാരിക്കുന്നതിനും എനിക്കു ഭാഗ്യം ലഭിച്ചിട്ടുണ്ട്.

1968–73 കാലഘട്ടത്തിൽ ഞാൻ ബാലരാമപുരത്ത് താമസിച്ചുകൊണ്ട് മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നപ്പോൾ മദർ തെരേസയുടെ "മിഷനറീസ് ഓഫ് ചാരിറ്റി" സമൂഹത്തിലെ സിസ്റ്റർമാർ തിരുവനന്തപുരത്തുനിന്നും അവിടെ വന്നിരുന്നു. സാധുക്കൾക്ക് മരുന്നും, ഭക്ഷണ സാധനങ്ങളും അവർ കൊണ്ടുവന്ന് വിതരണം ചെയ്തിരുന്നു. ഒരു ദിവസം സിസ്റ്റർമാരോടൊപ്പം മദറും അവിടെ വന്നു. ഒരു സിസ്റ്റർ വന്ന് മദറിന് വി.കുർബാന നൽകണമെന്ന് എന്നോട് ആവശ്യപ്പെട്ടു. ഒരു വിശുദ്ധയ്ക്ക് വിശുദ്ധ കുർബാന നൽകാൻ ലഭിച്ച ഭാഗ്യം എന്നെ അതിരറ്റു സന്തോഷിപ്പിക്കുന്നു.



www.malankaralibrary.com

1980 ൽ കോട്ടയത്തുവെച്ചു നടന്ന പുനരൈക്യ വാർഷിക സമ്മേളനത്തിൽ പങ്കെടുക്കാൻ മദറും വന്നിരുന്നു. അവിടെ വച്ചും മദറിനെ കണ്ടു.

തിരുവനന്തപുരത്ത് പാളയത്തിനടുത്ത് മിഷനറീസ് ഓഫ് ചാരിറ്റി സിസ്റ്റേഴ്സ് നടത്തുന്ന ശിശുഭവനമുണ്ട്. അനാഥ ശിശുക്കളെ അവിടെ സംരക്ഷിച്ചിരുന്നു. അവർക്കു വേണ്ടി നിർമ്മിച്ച കെട്ടിടത്തിൻെറ ആശീർവാദകർമ്മത്തിൽ പങ്കെടുക്കുവാൻ എനിക്കും ക്ഷണം ഉണ്ടായിരുന്നു.

ആശീർവാദകർമ്മത്തിനു ശേഷം മദറിനെ നേരിൽ കാണുന്നതിനും സംസാരിക്കുന്നതിനും സിസ്റ്റേഴ്സ് എനിക്ക് അവസരം ഒരുക്കിത്തന്നു. അതൊരു അസുലഭ കൂടിക്കാഴ്ചയായിരുന്നു.

1983 ൽ എന്റെ വടക്കേ ഇന്ത്യൻ യാത്രയിൽ കൽക്കട്ടയിൽ ഹാശാ ആഴ്ച ശുശ്രൂഷകൾക്കു ഞാനാണ് നേതൃത്വം നല്കിയത്. ആദ്യമായാണ് മലങ്കര ക്രമത്തിൽ അവിടെ ഒരു ശുശ്രൂഷ നടന്നത്. സെന്റ് സേവ്യേഴ്സ് കോളേജ് ഓഡിറ്റോറിയത്തിലായിരുന്നു ശുശ്രൂഷകൾ. അടുത്തൊരു ദിവസം മദർ തെരേസയുടെ ഭവനവും, സിസ്റ്റർമാർ നടത്തുന്ന ശിശുഭവനവും, വൃദ്ധസദനവും സന്ദർശിക്കുവാൻ കഴിഞ്ഞു. മദറുമായുള്ള കൂടിക്കാഴ്ച ഹൃദയ സ്പർശിയായിരുന്നു. ഏതാണ്ട് പത്തുമിനിറ്റോളം മദറുമായി സംസാരിക്കാൻ സമയം കിട്ടി. ആ സന്ദർശനം ഞാൻ ഒരിക്കലും മറക്കില്ല. ലളിതമായ വസ്ത്രധാരണം, ആഡംബരങ്ങളോ, മനോഹാരിതയ്ക്കുവേണ്ടിയോ, താമസിക്കുന്നവരുടെ സുഖസൗകര്യങ്ങൾക്കുവേണ്ടിയോ ക്രമീകരണങ്ങളില്ലാത്ത സ്വീകരണമുറി. ആ വലിയ സ്വീകരണമുറിയിൽ ഒരേ ഒരു ഫാൻ.

വൈദികരെക്കുറിച്ചും സന്യസ്ഥരെക്കുറിച്ചും അമ്മ പറഞ്ഞത് ഇന്നും എന്റെ ചെവികളിൽ മുഴങ്ങുന്നു.

"ലളിത ജീവിതം നയിക്കുന്നവരായിരിക്കണം സന്യസ്ഥർ. പ്രാർത്ഥനാ ചൈതന്യമുള്ളവരായിരിക്കണം വൈദികര്' സന്യാസ ഭവനങ്ങളിലെ ചാപ്പലുകളിൽ വി. കുർബാന മുൻപാകെ സിസ്റ്റേഴ്സ് നിത്യാരാധന നടത്തുന്നു. ജോലിക്കുപോകുന്നതിനു മുൻപും പിൻപും സിസ്റ്റർമാർ ഒരു മണിക്കൂർ ധ്യാനനിരതരായിരിക്കണം. മറ്റുള്ളവരിൽ യേശുവിനെ കാണുന്നതിനും അവർക്ക് ആവശ്യമായ ശുശ്രൂഷകളും സേവനങ്ങളും ചെയ്യുന്നതിനുമുള്ള ഊർജ്ജവും ആത്മീയ ശക്തിയും നേടിയെടുക്കുന്നത് അവരുടെ പ്രാർത്ഥനാ ജീവിതത്തിലൂടെയാണ്."

www.malankaralibrary.com

## സിസ്റ്റർ മേരി ഫ്രാൻസിലിൻ

ഡിട്രോയിറ്റിൽ ലിവോണിയായിലുള്ള മഡോണ യൂണിവേഴ്സിറ്റിയിൽ ദീർഘകാലം പ്രസിഡന്റായിരുന്ന സിസ്റ്റർ ഫ്രാൻസിലിനുമായുള്ള എന്റെ ബന്ധം ആഴമേറിയ ഒന്നാണ്. സിസ്റ്റർ എനിക്കൊരു സഹോദരിയും ആത്മമിത്രവും സഹായിയും ആയിരുന്നു. എന്റെ വൈദിക പരിശീലനകാലത്ത് എന്റെ ബനഫാക്ട്രസ് ആയിരുന്നു. ആ നിലയിലാണ് എനിക്ക് സിസ്റ്ററുമായി ബന്ധം ഉണ്ടാകാനിട വന്നത്. എന്റെ നാലു പ്രാവശ്യത്തെ അമേരിക്കൻ പര്യടനത്തിനുള്ള വിസയും, താമസസൗകര്യങ്ങളും, യാത്രാക്രമീകരണങ്ങളും ചെയ്തു തന്നത് സിസ്റ്റർ ആണ്. സിസ്റ്ററിന്റെ കുടുംബാംഗങ്ങളോടും ഞാൻ സുഹൃദ്ബന്ധം പുലർത്തിയിരുന്നു. എന്റെ റോം സന്ദർശനത്തിനും ക്രമീകരണങ്ങൾ ചെയ്തു തന്നത് സിസ്റ്റർ ആണ്. 2001-ൽ ക്യാൻസർ രോഗം മൂലം നിര്യാതയായി.





*സിസ്റ്റർ ഫ്രാൻസിലിന്റെ സഹോദരിയും മാതാപിതാക്കളും*

www.malankaralibrary.com

## ഒരു തിരിഞ്ഞു നോട്ടം

*പൗരോഹിത്യത്തിലേക്കുള്ള വിളി ദൈവത്തിന്റെ വലിയൊരു ദാനമാണ്. ദൈവ സ്നേഹത്തിലേക്കുള്ള ആഹ്വാനമാണ്. എനിക്കു നിന്നോടുള്ള സ്നേഹം അനന്തമാണ്. (ജറ 31/3) അനന്തമായ സ്നേഹത്തോടെ നിന്നോടു ഞാൻ കരുണ കാണിക്കും (ഏശ 54/8)*

*'മലകൾ അകന്നു പോയേക്കാം കുന്നുകൾ മാറ്റപ്പെടാം എന്റെ അചഞ്ചലമായ സ്നേഹം നിന്നെ പിരിയുകയില്ല' (ഏശ 54/10)*

*'മുലകുടിക്കുന്ന കുഞ്ഞിനെ അമ്മയ്ക്കു മറക്കാനാകുമോ? പുത്രനോടു പെറ്റമ്മ കരുണ കാണിക്കാതിരിക്കുമോ? അവൾ മറന്നാലും ഞാൻ നിന്നെ മറക്കില്ല. ഇതാ ഞാൻ നിന്നെ എന്റെ ഉള്ളം കൈയ്യിൽ രേഖപ്പെടുത്തിരിക്കുന്നു. (ഏശ 49/1516)*

*എന്റെ ജീവിതത്തിൽ ഓരോ നിമിഷത്തിലും ഘട്ടത്തിലും ദൈവത്തിന്റെ ഈ സ്നേഹം, വാത്സല്യം, സംരക്ഷണം, അനുഭവിച്ചറിയുവാൻ എനിക്കു ഭാഗ്യം ലഭിച്ചിട്ടുണ്ട്.*

*കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു (ലൂക്കാ 4/18)*

*പാപങ്ങൾക്കുവേണ്ടി കാഴ്ചകളും ബലികളും സമർപ്പിക്കുന്നതിന് ദൈവീകകാര്യങ്ങളിൽ മനുഷ്യർക്കായി നിയമിക്കപ്പെട്ടവനാണ് പുരോഹിതൻ.*

പൗരോഹിത്യസ്വീകരണ സമയത്തും പ്രഥമ ദിവ്യ ബലിയർപ്പണ വേളയിലും തെരെഞ്ഞെടുത്ത ആപ്തവാക്യങ്ങളാണ് മേൽ ഉദ്ധരിച്ച ദൈവവചനങ്ങൾ.

എന്റെ ജന്മസപ്തതിയിലേക്കും പൗരോഹിത്യ ജീവിതത്തിന്റെ 45–ാം വർഷത്തിലേക്കും കടന്നുവരുന്ന ഈ കാലയളവിൽ ദൈവത്തിന്റെ അനന്ത സ്നേഹവും ലാളനയും അത്ഭുതകരമായ സംരക്ഷണവും പരിപാലനയും എപ്പോഴും എന്നോടു കൂടിയുണ്ടായിരുന്നു.

എന്റെ ഹൃദയം കൃതജ്ഞതാ നിർഭരമായിരിക്കുന്നു. പൂർണ്ണമായി പ്രകടിപ്പിക്കാൻ എനിക്കു വാക്കുകളില്ല.

പൗരോഹിത്യ പാരമ്പര്യമുള്ള ഒരു ക്രൈസ്തവ കുടുംബത്തിലാണ് ഞാൻ ജനിച്ചത്. മാതാപിതാക്കൾ എന്റെ ദൈവവിളിയെ പ്രോത്സാഹിപ്പിച്ചു. ഒരു വൈദികനായി കാണുവാൻ അവർ ആഗ്രഹിച്ചു പ്രാർത്ഥിച്ചു.

www.malankaralibrary.com

എന്റെ സഹോദരങ്ങളും കുടുംബാംഗങ്ങളും ബന്ധുമിത്രാദികളും എന്റെ അഭ്യുദയകാംക്ഷികളും എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

അവരെയെല്ലാം ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

എന്റെ വൈദിക പരിശീലനകാലത്തും വൈദികനായതിനു ശേഷവും എന്നെ പ്രാർത്ഥനയിലൂടെയും, സാമ്പത്തികമായും, മറ്റു വിധത്തിലും സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത അനേകരുണ്ട്. അവരിൽ വളരെപ്പേർ ദൈവതൃക്കരങ്ങളിലേയ്ക്ക് സംവഹിക്കപ്പെട്ടു. അനേകർ കർമ്മനിരതരായി ജീവിക്കുന്നു. പ്രായാധിക്യത്താൽ വിശ്രമജീവിതം നയിക്കുന്നവരുമുണ്ട്. അവരെയൊക്കെ കർത്താവു കാത്തുപരിപാലിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

## പുരോഹിതനും പൗരോഹിത്യവും

'ജനങ്ങളിൽ നിന്നും ജനങ്ങൾക്കുവേണ്ടി തിരഞ്ഞെടുക്കപ്പെട്ട വ്യക്തി, ദൈവീക കാര്യങ്ങൾക്കുവേണ്ടി നിയമിക്കപ്പെട്ടിരിക്കുന്ന വ്യക്തി, പാപ പരിഹാരത്തിനായി ബലികളും കാഴ്ചകളും അർപ്പിക്കുന്ന വ്യക്തി. (ഹെബ്രാ 5/1)'

മാമോദിസായിലൂടെ ഒരു വ്യക്തി ക്രിസ്തു വിശ്വാസിയായിത്തീരുന്നതിലൂടെ ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും, പ്രവാചകത്വത്തിലും, രാജകീയത്വത്തിലും പങ്കുചേരുന്നു. തിരുപ്പട്ടമെന്ന കൂദാശയിലൂടെ ശുശ്രൂഷാ പൗരോഹിത്യത്തിൽ പങ്കു ചേരുന്നു. അതിലൂടെ പൊതുപൗരോഹിത്യത്തിലുള്ളവരെ ശുശ്രൂഷിക്കുന്നു. ദൈവജനത്തെ വിശുദ്ധീകരിക്കുന്നു, പഠിപ്പിക്കുന്നു, നയിക്കുന്നു. പൊതു പൗരോഹിത്യവും ശുശ്രൂഷാ പൗരോഹിത്യവും ക്രിസ്തുവിന്റെ പൗരോഹിത്യത്തിലുള്ള പങ്കുകൊള്ളലാണ്. പുരോഹിതൻ സമർപ്പിതനാണ്. ക്രിസ്തുവിനുവേണ്ടി പ്രതിഷ്ഠിക്കപ്പെട്ടവനാണ്, ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവൻ, അയയ്ക്കപ്പെട്ടവൻ.

'തന്നോടുകൂടെ ആയിരിക്കുവാനും പ്രസംഗിക്കുവാൻ അയയ്ക്കുവാനും, പിശാചുക്കളെ ബഹിഷ്ക്കരിക്കുവാനും അവൻ പന്ത്രണ്ടു പേരെ തെരെഞ്ഞെടുത്തു. (മാർക്കോ 3/13-19)'

യേശുക്രിസ്തുവിനാൽ സ്ഥാപിതമാണ് തിരുസഭ. അത് രക്ഷയുടെ അടയാളമാണ്, കൂദാശയാണ്. സഭയിലൂടെ ദൈവവരപ്രസാദം ലഭിക്കുന്നു. തിരുപ്പട്ടമെന്ന കൂദാശയിലൂടെ ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുകൊള്ളുന്നു. വൈദികർ ദൈവകൃപ

www.malankaralibrary.com

നൽകുന്നു. പുരോഹിത ധർമ്മമാണ് ദൈവജനത്തെ സേവിക്കുക എന്നത്. ശുശ്രൂഷാമനോഭാവം സ്വീകരിക്കുന്നവർക്കു മാത്രമേ ഇതു പ്രാവർത്തികമാക്കാൻ സാധിക്കുകയുള്ളു. ക്രിസ്തുവിൽ ഉണ്ടായിരുന്ന ശൂന്യവൽക്കരണത്തിന്റെയും സേവനത്തിന്റെയും മനോഭാവം പുരോഹിതനിലും ഉണ്ടായിരിക്കണം. യേശുവിനോട് കൂടെയായിരിക്കുവാൻ വിളിക്കപ്പെട്ടവനാണ് ക്രിസ്തീയ പുരോഹിതൻ. പ്രാർത്ഥനയിലൂടെ, കൂദാശകളിലൂടെ, വചനത്തിലൂടെ ഒരു വൈയക്തിക ബന്ധം നിലനിറുത്തുവാൻ വൈദികനു സാധിക്കണം. ക്രിസ്തുവിനോട് വിശ്വസ്തത പുലർത്തുന്നവനായിരിക്കണം പുരോഹിതൻ. യേശുവിന്റെ ജീവിതശൈലി അവൻ മാതൃക ആക്കണം. യേശുവിനെക്കുറിച്ച് മുന്നോടിയായിരുന്ന സ്നാപക യോഹന്നാൻ പറഞ്ഞത്– "ഇതാ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്." ദൈവത്തിന്റെ കുഞ്ഞാടായ യേശു സ്വന്തം രക്തം ചിന്തി മനുഷ്യനെ രക്ഷിച്ചു. മുറിക്കപ്പെട്ട ജീവിതമായിരുന്നു ക്രിസ്തുവിന്റേത്. ദൈവജനത്തിനുവേണ്ടി മുറിക്കപ്പെടുമ്പോൾ പുരോഹിതന്റെ ജീവിതം ധന്യമായിത്തീരുന്നു. ഇവയൊക്കെ എന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ മാനുഷികമായ ബലഹീനതകൾ സംഭവിച്ചിട്ടുണ്ടാകാം. **കൂടുതൽ ദൈവാശ്രയത്തിലും ദൈവസ്നേഹത്തിലും മനുഷ്യസ്നേഹത്തിലും ദൈവനിശ്ചിതകാലം കഴിച്ചുകൂട്ടാൻ കഴിയണമേയെന്നാണെന്റെ പ്രാർത്ഥന.** *



*വിശുദ്ധ ഗീവർഗീസ് സഹദായേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമേ*

www.malankaralibrary.com



സെമിത്തേരികൾക്ക് ഒരു മാതൃക
യു.എസ്.എ.യിൽ

www.malankaralibrary.com

# Heartiest wishes and prayers



**M. JOY PERUMALA**
Chandanappally



**ABRAHAM THARAKAN**
Polachirackal Anniyil
Trivandrum



**SAMKUTTY K.S.**
Kallelikuzhiyil
V - Kottayam



**PHILIP PAPPACHEN**
Trivandrum